

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 ഡിസംബർ
വില ₹15

ഇഞ്ചൻപുരാണം
എം ആർ രേണുകുമാർ

# ഇരട്ടി പുണ്യം



# കാരുണ്യയും കാരുണ്യ പ്ലസും

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ

ചികിത്സാ ധനസഹായ പദ്ധതി

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**

ഭാഗ്യക്കുറികൾ വാങ്ങൂ..

ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ കടമ കൂടിയാണ്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഡിസംബർ 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**


## ഉള്ളടക്കം

## ഇഞ്ചൻപുരാണം

8

**എം ആർ രേണുകുമാർ**

മിത്തുകളും പ്രാദേശികവിശ്വാസങ്ങളും ഇടകലർന്ന കുട്ടനാടിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന കഥ. നിങ്ങളെപ്പോലെയുള്ള മൂന്നു കൂട്ടുകാർ. അവരുടെ കഥയാണിത്.



## നൊബേൽ സമ്മാനങ്ങളിലേക്ക് ഒരെത്തിനോട്ടം

**ഡോ. എം എൻ ശ്രീധരൻ നായർ**

16




നൊബേൽ പുരസ്കാര ജേതാക്കൾക്ക് ഈ മാസം പത്തിന് പുരസ്കാരങ്ങൾ നൽകും. പുരസ്കാരജേതാക്കളെയും അവരുടെ സംഭാവനകളെയും പരിചയപ്പെടാം.

## സ്റ്റെയിൻലെസ് സ്റ്റീലിനുമുണ്ടൊരു കഥ

34

**എസ് ശിവദാസ്**

വെള്ളിപോലെ നല്ല തിളക്കമുള്ള തുരുമ്പുപിടിക്കാത്ത പാത്രങ്ങൾ. ഏവർക്കും പരിചിതമാണ് ഇന്ന് സ്റ്റെയിൻലെസ് സ്റ്റീൽ. അതിന്റെ പുറകിലെ കഥ വായിക്കാം.




**സ്നേഹപൂർവ്വം**........................4
കെ സി ജോസഫ്
**മുൻമൊഴി** ..............................5
സുഗതകുമാരി
**കവിതാപരിചയം**.......................6
കടമ്മനിട്ട രാമകൃഷ്ണൻ
**സ്കൂൾ ഡെയ്സ്**.........................7
രാജീവ് എൻ ടി
**ആനക്കാര്യം** ..........................21
രാജീവ് എൻ ടി
**ഫെലൂദയുടെ സാഹസങ്ങൾ**.....22
സത്യജിത് റായ്
പുനരാഖ്യാനം എം ചന്ദ്രപ്രകാശ്
**മനുഷ്യാവകാശങ്ങളുടെ ഓർമ്മപുതുക്കൽ**.................28
ആർ രാധാകൃഷ്ണൻ
**ജാതകകഥ**..............................30
വെങ്കി
**മൃഗശാല**...............................33
കെ കെ പല്ലശ്ശന
**ആരോഗ്യം**.............................38
ഡോ. ബി പത്മകുമാർ
**ആഫ്രിക്കൻ നാടോടിക്കഥകൾ**...40
ഡി വിനയചന്ദ്രൻ
**തീക്കളി**.................................43
മണി കെ ചെന്താപ്പൂര്
**ക്ലാസിക്പരിചയം**....................44
ഡോ. പി കെ രാജശേഖരൻ
**മഹാഭാരതം**............................46
സുഗതകുമാരി
**ഇളംതളിര്**..............................48
**ഉണ്ടാക്കാം**...............................50
അരവിന്ദ് ഗുപ്ത
**അക്ഷരചിത്രം**.........................51
ഭരണിക്കാവ് കൃഷ്ണൻ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**അനിഷ തമ്പി**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

## സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ,
ഡിസംബർ 5 ലോകമണ്ണുദിനമാണ്. 2015 അന്താരാഷ്ട്ര മണ്ണുവർഷവും. മണ്ണിന്റെ പ്രാധാന്യം ഓരോ മനുഷ്യരിലുമെത്തിക്കാനുള്ള ശ്രമത്തിലാണ് ലോകമെമ്പാടുമുള്ള പരിസ്ഥിതിസ്നേഹികളും യുണൈറ്റഡ് നേഷനും(UN). ഈ ശ്രമത്തിൽ നമുക്കും കൂട്ടുചേരേണ്ടേ?

മണ്ണില്ലെങ്കിൽ മനുഷ്യൻ മാത്രമല്ല ജീവൻപോലും ഇല്ല എന്ന അവസ്ഥയാണുള്ളത്. അത്രയ്ക്കുണ്ടു മണ്ണിന്റെ പ്രാധാന്യം. മണ്ണിന്റെ പ്രാധാന്യം ഏറ്റവും കൂടുതലറിയുക ആർക്കായിരിക്കും എന്ന് നിങ്ങൾക്ക് ഊഹിക്കാമോ? നമുക്കു ഭക്ഷണം തരാനായി നിരന്തരം പണിയെടുക്കുന്ന കർഷകർക്ക്. അവരോളം മണ്ണിനെ അറിഞ്ഞവർ വേറെയുണ്ടാവില്ല. ഈ മണ്ണുദിനത്തിൽ നമുക്ക് കർഷകർക്കൊപ്പം കൂടിയാലോ?

നിങ്ങളുടെ സ്കൂളിന്റെ പരിസരത്ത് അന്വേഷിച്ചുനോക്കൂ. കുട്ടികളുമായി സംവദിക്കാൻ തയ്യാറുള്ള അനേകം കർഷകരെ കണ്ടെത്താനാവും. മണ്ണ് എത്രത്തോളം തങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നെന്ന് അവർ പറഞ്ഞുതരും. ഓരോ സ്ഥലത്തെയും മണ്ണിന്റെ പ്രത്യേകത, അതിൽ നന്നായി വളരുന്ന ചെടികൾ, ഈർപ്പം സംരക്ഷിക്കാനുള്ള കഴിവ്, മണ്ണൊലിപ്പുമൂലം കർഷകർക്കുണ്ടാകുന്ന പ്രശ്നങ്ങൾ... ഇങ്ങനെ നൂറുനൂറു കാര്യങ്ങൾ അവരിൽനിന്നും നിങ്ങൾക്കറിയാൻ കഴിയും.

വെറുതേ കേട്ടാൽ മാത്രം പോരാ. അവ രേഖപ്പെടുത്തി നിങ്ങളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും വേണം. ഇതു മാത്രമല്ല, കർഷകരുടെ സഹായത്തോടെ നല്ലൊരു മണ്ണുമ്യൂസിയം തന്നെ സ്കൂളിൽ സജ്ജീകരിക്കണം. നിങ്ങളുടെ ചുറ്റുവട്ടത്തെ മണ്ണ് നിങ്ങൾക്കു നേരിട്ടു ശേഖരിക്കാം. അകലെയുള്ള ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ സഹായത്തോടെ അവിടങ്ങളിലെ മണ്ണും ശേഖരിക്കാം. ഇങ്ങനെ പലയിടങ്ങളിൽനിന്നും ശേഖരിച്ച മണ്ണ് സ്കൂളിൽ അനുയോജ്യമായ ഒരിടത്തു പ്രദർശിപ്പിക്കാം. ഓരോതരം മണ്ണിനെക്കുറിച്ചും നിങ്ങൾ ശേഖരിച്ച വിവരങ്ങൾ അതോടൊപ്പം എഴുതി പ്രദർശിപ്പിക്കാം. അവയിൽ വളരുന്ന ചെടികളെക്കുറിച്ചും ജീവികളെക്കുറിച്ചും അന്വേഷിച്ചറിഞ്ഞ് അതും ഈ മ്യൂസിയത്തിൽ രേഖപ്പെടുത്തണം. കൃഷിഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടാൽ നിങ്ങൾ ശേഖരിച്ച വിവരങ്ങളെ കൂടുതൽ ആധികാരികമാക്കാനും സാധിക്കും.

മണ്ണ് പ്രമേയമായി വരുന്ന കഥകൾ, കവിതകൾ, ലേഖനങ്ങൾ, ചൊല്ലുകൾ തുടങ്ങിയവയും കണ്ടെത്തി നിങ്ങളുടെ ഈ മണ്ണുമ്യൂസിയത്തിൽ പ്രദർശിപ്പിക്കാം. ഈ സംരംഭം വിജയിപ്പിക്കാൻ നിങ്ങളെ സഹായിച്ച കർഷകരെ ആദരിക്കാനും മറക്കരുതേ. സ്കൂളിന്റെ തനതുപ്രവർത്തനമായി ഇതുമാറും എന്ന് ഉറപ്പ്.

ക്രിസ്തുമസ് ആശംസകളോടെ,

**കെ സി ജോസഫ്**
സാംസ്കാരികവകുപ്പ് മന്ത്രി



വര: സുധീർ പി വൈ

ഈ വർഷത്തെ ക്രിസ്തുമസ്സ് ആഘോഷവേളയിൽ നമുക്കു ഗൗരവമുള്ള ചില കാര്യങ്ങൾ ആലോചിക്കാനുണ്ട്.

ഇന്ത്യ ഒരു വലിയ രാഷ്ട്രമാണ്. വിവിധ മതങ്ങളും ജാതികളും ഭാഷകളും ഗോത്രങ്ങളുമെല്ലാം ഇവിടെ ഇടകലർന്നു ജീവിക്കുന്നു. അവ തമ്മിൽ ശത്രുതയുണ്ടായാൽ എന്തു സംഭവിക്കും? എല്ലാ സമാധാനവും അതോടെ തകർന്നുപോകും. നാട്ടിൽ ഭീതിപടരും. ഓരോ മതവും ജാതിയും പരസ്പരം അവിശ്വാസത്തോടെ നോക്കാൻ തുടങ്ങും. നാടുമുഴുവൻ ആപത്തായിത്തീരും.

ഈ പ്രവണത ഇക്കാലത്തു വർദ്ധിച്ചു വരികയാണ്. മതങ്ങൾ തമ്മിൽ വിദ്വേഷം വളരുന്നു. വടക്കേയിന്ത്യയിൽ പലയിടത്തും കൊലയും കൊള്ളിവയ്പ്പും നടക്കുന്നു. നാം മാത്രമല്ല ലോകം മുഴുവനും ഒരു ഭയത്തിന്റെ നിഴലിലാണിപ്പോൾ കഴിയുന്നത്.

കേരളത്തിൽ ഇങ്ങനെയൊന്നും സംഭവിച്ചു കൂടാ. നമുക്ക് സമാധാനമായി ഈ നാട്ടിൽ ഒന്നിച്ചു ജീവിക്കണം. ഹിന്ദുവിനും ക്രിസ്ത്യാനിക്കും മുസ്ലീമിനും എല്ലാം അമ്മയാണ് ഈ നാട്. നാമെല്ലാം ആ അമ്മയുടെ മക്കളാണെന്ന് ഉറച്ചു വിശ്വസിച്ചാൽ യാതൊരു കുഴപ്പവും ഇവിടെയുണ്ടാവില്ല. ആകാശത്തേക്കു നോക്കൂ, സൂര്യൻ എല്ലാവർക്കും വേണ്ടിയാണു പ്രകാശിക്കുന്നത്. അമ്പിളി എല്ലാവർക്കും വേണ്ടിയാണു നിലാവൊഴുക്കുന്നത്. ഈ പ്രാണവായുവും മഴയും വസന്തവും എല്ലാമെല്ലാം മനുഷ്യർക്കുവേണ്ടി മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയാണ്. എന്തിനാണ് മനുഷ്യർ തമ്മിൽ മതത്തിന്റെയും ജാതിയുടെയും പേരിൽ അകലുന്നത്? ശത്രുത പുലർത്തുന്നത്? ഹിന്ദുവിന്റെയും മുസ്ലീമിന്റെയും ക്രിസ്ത്യാനികളുടെയും ചോരയ്ക്ക് ഒരേ ചുവപ്പാണ്. കണ്ണുനീരിന് ഒരേ ഉപ്പാണ്- ബ്രാഹ്മണരും ദളിതരും ജനിക്കുന്നതും മരിക്കുന്നതും ഒരുപോലെയാണ്. നമ്മളെല്ലാം ഒന്നാണ്.

ഈ വളരെ ലളിതമായ തത്വം മനസ്സിലാക്കിയാൽ വിദ്വേഷങ്ങളെല്ലാം വിട്ടുമാറും. സമാധാനവും സന്തോഷവും പുലരും. ക്രിസ്തുമസ്സിന്റെ സന്ദേശം ഇതുതന്നെയാണ്.

എളിമയുടെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പൂർണരൂപമായിരുന്നു യേശുദേവൻ. ആ സ്നേഹസ്വരൂപനെ സ്മരിക്കുവാനും വന്ദിക്കുവാനുമുള്ള ഈ വേളയിൽ, നമുക്ക് നമ്മുടെ ഇടയിലുള്ള ഈ അകൽച്ചകളെയും ഇല്ലാതാക്കാൻ ശ്രമിക്കാം. പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രനെങ്കിലും മനുഷ്യപുത്രനായി വളർന്ന, പാവപ്പെട്ട മുക്കുവരുടെ കൈപിടിച്ചുനടന്ന, അവശർക്കു ആശ്രയമായ ആ സ്നേഹമൂർത്തിയോട് നമുക്കു പ്രാർത്ഥിക്കാം. ചോരയിൽ മുങ്ങുന്ന ഈ ലോകത്തിന് ശാന്തി നൽകണമേ, മനുഷ്യരുടെയുള്ളിൽ സ്നേഹകാരുണ്യങ്ങൾ നിറയ്ക്കണമേ.

നിങ്ങൾക്കേവർക്കും ക്രിസ്തുമസ്സ് ആശംസകൾ.

സ്നേഹത്തോടെ.

**സുഗതകുമാരി**



വര: സുധീർ പി വൈ

# പൂവു തേടിപ്പോയ അഞ്ചുകുട്ടികളുടെ കഥ

**കടമ്മനിട്ട രാമകൃഷ്ണൻ**

“നിങ്ങളെക്കാണുവാൻ
കാത്തിരുന്നു
നിങ്ങളെയോർത്തു ഞാൻ പാട്ടുപാടി
നിങ്ങടെയോർമ്മയായീമരത്തിൽ
എന്നും പുതിയതായ് പൂക്കൾവന്നു.
നിങ്ങൾക്കു ഞാനിന്നു തന്നയയ്ക്കാം
എല്ലാം മുളയ്ക്കുമീത്തേൻപഴങ്ങൾ
വന്നവഴിക്കു തിരിച്ചുപോണം
പിന്നോക്കം
നോക്കരുതൊന്നുകൊണ്ടും
അയ്വരും നിങ്ങളൊരുമയോടെ
അക്കരയെത്തി മല കടന്ന്
കരിയില കത്തിയ കാടുകളിൽ
കനികൾ വിതച്ചിട്ടു കാവൽ
നിൽക്കിൻ
ഏഴാംനാളെല്ലാം മുളച്ചുപൊങ്ങും
എല്ലാ മുറ്റത്തും വേരുചെല്ലും.
വേരുകൾ മുളയായിത്തളിരുമായി
പൂവണിഞ്ഞത്തക്കണിയൊരുങ്ങും
അയ്വരും നിങ്ങളിടഞ്ഞുപോയാൽ
പൂവുകൾ വാടിക്കരിഞ്ഞുവീഴും
വേരുകളോരോന്നായറ്റു വീഴും
വേറിട്ടിലകൾ കരീലയാകും
കാവിൽ കരിയില കത്തുമല്ലോ
നിങ്ങളും കാവിൽ കരീലയാകും
അയ്വരും നിങ്ങളടുത്തുനിന്നാൽ
ആഹ്ലാദമെന്നും വിടർന്നുനിൽക്കും
വന്ന വഴിക്കു തിരിച്ചു പോവിൻ
പിന്നോക്കം നോക്കരുതൊന്നുകൊണ്ടും.”

അത്തപ്പൂക്കണി മുറ്റത്തൊരുക്കാൻ
ആഴക്കു മൂഴക്കു പൂവുതേടി
പോയവരുണ്ണികൾ മിന്നൽ വേഗം
പാരിന്നു വേണ്ടുന്നതൊക്കെയുമായ്
ആഴികൾ കയറിവരുന്നുണ്ടല്ലോ
ആരുണ്ടവർക്കെതിരേറ്റു ചൊല്ലാൻ?



വര: സുധീർ പി വൈ


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
?
പപ്പാ, ഫോൺ ചുമ്മാ പോക്കറ്റിലിട്ടു നടക്കാതെ എനിക്കു തന്നേ. എനിക്ക് ക്രിസ്തുമസ് ഗ്രീറ്റിങ്സ് വാട്സപ്പിൽ അയക്കാനുണ്ടേ.. എനിക്കൊരു ഫോണും വാങ്ങിച്ചു തരില്ലല്ലോ.
മൂന്നാംക്ലാസിൽ പഠിക്കുന്ന നിനക്കും വാട്സപ്പ് ഫ്രണ്ടോ! നിനക്കെങ്ങനെ ഫോൺനമ്പററിയും?
അതിന് പപ്പയുടെ ഓഫീസിലെ എല്ലാവരും എന്റെ വാട്സപ്പ് ഫ്രണ്ടാ. ഞങ്ങളെന്നും ചാറ്റ് ചെയ്യും. അതിന് അച്ഛന്റെ ഫോൺ മതീല്ലോ...
ചുമ്മാതല്ല വീട്ടുകാര്യങ്ങളൊക്കെ ഓഫീസിൽ പാട്ടാവുന്നത്.
ഹായ്.. നമ്മുടെ സൂപ്രണ്ട്...

കഥ

# ഇഞ്ചൻപുരാണം

**എം ആർ രേണുകുമാർ**

മീൻപിടുത്തം ഒരു രസമുള്ള ഏർപ്പാടാണ്. എത്ര പിടിച്ചാലും മതിവരില്ല. ഞാൻ പതിവായി രണ്ടു സ്വപ്നങ്ങളാണ് കാണാറ്. അതിലൊന്ന് മീൻപിടുത്തമാണ്. വെള്ളം പറ്റിക്കൊണ്ടിരിക്കുന്ന പാടം. എക്കലുമായി കുഴഞ്ഞ വെള്ളത്തിൽക്കിടന്ന് ഓടുകയും പുളയുകയും ചെയ്യുന്ന മീനുകളെ പിടിച്ച് കലത്തിലോ കൂടയിലോ പെറുക്കിപ്പെറുക്കിയിടുന്ന ഞാൻ... ഹോ! എത്ര പെറുക്കിയാലും തീരില്ല. ഒന്നുകിൽ സ്വപ്നം മുറിയണം. അല്ലെങ്കിൽ അമ്മ കാപ്പിയുമായി വന്ന് ഉറക്കത്തീന്നു വിളിച്ചുണർത്തണം.

രണ്ടാമത്തെ സ്വപ്നം കാശുമായി ബന്ധപ്പെട്ടതാണ്. നിലത്തുവീണു കിടക്കുന്ന ചില്ലറപൈസകൾ പെറുക്കിപ്പെറുക്കി എടുക്കുന്ന ഞാൻ. ആർത്തി മൂത്ത് പെറുക്കൽ വാരിവാരിയെടുക്കലാകുന്നു. കൈയും തികയുന്നില്ല പോക്കറ്റും തികയുന്നില്ല. ഞാനാകെ വിയർത്തു കുളിക്കുന്നു. ചില്ലറപൈസ തീർന്നിട്ട് സ്വപ്നം മുടങ്ങുമെന്ന് തോന്നുന്നില്ല. അമ്മ തന്നെ ശരണം. 'കാപ്പിയുമായി വായോ... എന്നെ വിളിച്ചു പൊക്കോ...'

ഒന്നെങ്കിൽ മീൻ അല്ലെങ്കിൽ ചില്ലറപ്പൈസ. ഏതായാലും സ്വപ്നത്തിൽ ഒരേ കാര്യമാണ് ചെയ്യുന്നത്. ഒരിടത്ത് പിടിക്കൽ, മറ്റൊരിടത്ത് പെറുക്കൽ. രണ്ടായാലും ഒടുക്കം നമ്മൾ വശംകെടും. കാശിന്റെ കാര്യം സ്വപ്നത്തിൽ മാത്രമാണ് സംഭവിക്കുന്നത്. എന്നാൽ മീനിന്റെ കാര്യം അങ്ങനെയല്ല.



സ്വപ്നത്തിലേപ്പോലെ വരില്ലെങ്കിലും ജീവിതത്തിലെ മീൻപിടുത്തം അത്ര മോശമല്ല. കൃഷി തുടങ്ങുന്നതിനു മുന്നോടിയായി പാടത്തെ വെള്ളം പറ്റിക്കാൻ ഇഞ്ചൻതറയിൽ മോട്ടറു വെച്ചാൽ പിന്നെ കിടന്നാലുറക്കം വരില്ല. സ്കൂളിൽ പോയാൽ ടീച്ചറന്മാരു പറയുന്നതൊന്നും തലേലോട്ട് കേറില്ല. എങ്ങനെയും സ്കൂളുവിട്ട് വീട്ടിലോട്ട് ചെന്നാമതിയെന്ന ഒറ്റ വിചാരം. പക്ഷെയങ്ങനെ ഒന്നോ രണ്ടോ ദിവസം കൊണ്ടൊന്നും വെള്ളം വറ്റുകേലല്ലോ. സ്കൂളുവിട്ട് ചെന്നാലുടൻ പുസ്തകസഞ്ചി എങ്ങോട്ടേലും വെച്ച്, ഉടുപ്പൂരിയെറിഞ്ഞിട്ട് തോട്ടുവക്കിലിരിക്കുന്ന ഇഞ്ചൻതറ ലക്ഷ്യമാക്കി ഒരൊറ്റ ഓട്ടമാ.

"എടാ വെല്ലോം... കഴിച്ചോണ്ടുപോടാ."

പെരയ്ക്കകത്തെ എന്റെ ആളനക്കം തിരിച്ചറിഞ്ഞ് അടുക്കളയിൽ കാപ്പിയോ മറ്റോ അനത്തുന്ന അമ്മ വിളിച്ചു പറഞ്ഞു.

"ഞാനിപ്പ വരാം. എടുത്തുവെച്ചോ..."

ഇങ്ങനെ പറയുന്നതിനിടയിൽ ഞാൻ വേലിക്കടമ്പ ചാടിക്കടന്ന് തൈത്തെങ്ങുകൾ നിരനിരയായി നിന്നു കാറ്റു കൊള്ളുന്ന തോട്ടിറമ്പിലെ ചെറയിലെത്തിയിട്ടുണ്ടാവും. എന്റെ കാലുകൾ നിലത്തു തൊടുന്നുണ്ടോ എന്നു സംശയമാണ്. ഈ വീറ് സ്കൂളിലെ ഓട്ടമത്സരത്തിൽ കാണിച്ചിരുന്നേ മൂന്നാം സ്ഥാനക്കാർക്കുള്ള സോപ്പുപെട്ടിക്കു പകരം തിളങ്ങുന്നൊരു വെള്ളിക്കപ്പ് കിട്ടിയേനെ. വെള്ളിക്കപ്പ് തലയ്ക്കുമീതെ ഉയർത്തിപ്പിടിച്ചുള്ള ഷെഫീക്കിന്റെ നിൽപ്പ് ഓർക്കുമ്പോൾ

തലതാഴ്ന്നു പോകുമെങ്കിലും സോപ്പുപെട്ടിയുമായി നിൽ ക്കുന്ന എന്നെ നോക്കി വാ പൊത്തി ചിരിച്ച ചിന്നമ്മൂന്റെ മുഖം മനസ്സീന്ന് പോകുന്നില്ല. എന്തായാലും അടുത്ത വർഷം കാണിച്ചുകൊടുക്കാം എന്ന് മനസ്സിലുറപ്പിച്ച് ഞാൻ ഇഞ്ചൻതറയിലേക്കു കുതിച്ചോടി.

കളിയാക്കിയതുകൊണ്ടു മാത്രമാണോ ഇടയ്ക്കിടെ ചിന്നമ്മൂന്റെ മുഖം മനസ്സിൽ തെളിഞ്ഞുവരുന്നത് എന്നൊരു സംശയംകൂടി എന്റെയൊപ്പം ഓടിത്തുടങ്ങി.

ഇഞ്ചൻതറയിൽ നിന്നു നാലുദിക്കിലേക്കും ഓടിയക ലുന്ന മോട്ടറിന്റെ മുരൾച്ച കളിലൊന്ന് ഓടി വന്നെന്റെ കാലിൽ തൊട്ടു. എനിക്കെ ന്റെ കാലുകളുടെ വേഗത കുറയ്ക്കാൻ പറ്റുന്നില്ല. ദൈവമേ.... ഇതിപ്പോയിനി ഇഞ്ചൻതറയാകുമ്പോ നിക്കുമോ എന്തോ!

## രണ്ട്

''ചെല്ലനമ്മാ.... ഒടനെയെ ഞാനും വെള്ളം വറ്റുവോ...''

ഇഞ്ചൻതറയുടെ അടു ത്തെത്തുംമുമ്പേ ഞാൻ വിളിച്ചുചോദിച്ചു. അമ്മേടെ വകേലൊരു ആങ്ങളയാ ചെല്ലനമ്മാവൻ. അങ്ങേർ ക്കൊരു മോളും മോനുമുണ്ട്. രണ്ടും എന്റെ പ്രായാ. ഇരട്ട കളാ. ഞങ്ങളവരെ ബോബനും മോളീം എന്നാ വിളിക്കുന്നെ. ശരിക്കുള്ള പേര് പൊന്നനും പൊന്നിം എന്നാ. പാടത്തൂ ന്നും തോട്ടിലേക്ക് തുമ്പിക്കൈ വണ്ണത്തിൽ ഇഞ്ചൻ പമ്പ് ചെയ്യുന്ന വെള്ളം നോക്കി നിൽപ്പുണ്ട് രണ്ടുപേരും.

''ങ്ഹാ... നീയെത്തിയോ കണ്ണാ. നിന്റെ കാര്യം പറഞ്ഞ് ഞാനിപ്പോ നാക്ക് വായിലോട്ടിട്ടതേയുള്ളൂ...''

മോട്ടറിന്റെ ശബ്ദംകാരണം വളരെയുച്ചത്തിലായിരുന്നു ചെല്ലനമ്മാന്റെ വർത്താനം. ഞാൻ ചിരിച്ചുകൊണ്ട് പൊന്നന്റേം പൊന്നീടേം അടുത്തേക്കു ചെന്ന് ചേർന്നുനിന്ന് തോട്ടിലേക്കു കുത്തിവീഴുന്ന വെള്ളം നോക്കിനിന്നു. പാടത്തെ വെള്ളത്തിന്റെ ചെമ്പുനിറം തോട്ടിലെ വെള്ളത്തിലേക്കു പടരുന്നുണ്ട്. പൊന്നി ഒരു നീലപെറ്റിക്കോട്ടാണിട്ടിരിക്കു ന്നത്. പൊന്നനാണെങ്കി ഒരു കാക്കി നിക്കറും. നിക്കറിനു മീതെ ഒരു കച്ചതോർത്തും ചുറ്റിക്കെട്ടിയിട്ടുണ്ട്. രണ്ടു പേരും കൈയിൽ തെങ്ങോല കൊണ്ടുണ്ടാക്കിയ വാച്ച് കെട്ടിയിട്ടുണ്ട്.

''തങ്കേച്ചിയെന്തിയേടാ?'' ചെല്ലനമ്മാൻ അമ്മയെ തിരക്കി.

''അവിടൊണ്ട്.'' ഞാൻ പറഞ്ഞു.

''ജോണിച്ചനോ...'' ചോദിക്കുന്നതിനിടയിൽ ചെല്ലനമ്മാൻ മോട്ടറിനടു ത്തേക്ക് ഒഴുകിവന്നുതങ്ങുന്ന പോളകൾ കമ്പുകൊണ്ടു തോണ്ടി കരയിലേക്കിട്ടു.

''അച്ഛൻ വന്നില്ലമ്മാവാ... വരാൻ വൈകും.'' ഞാൻ പറഞ്ഞ് ഒഴിവായി. ചെല്ലന മ്മാനിങ്ങനാ, കണ്ടാലുടനെ ചോദ്യങ്ങളുടെ കെട്ടഴിക്കാൻ തുടങ്ങും. ഹോ... നമ്മള് ഉത്തരം പറഞ്ഞു തളരും.

''ഇത്തവണ വെള്ളം ഉദ്ദേശിച്ചപോലൊന്നും വറ്റുമെന്നു തോന്നുന്നില്ല. പലേടത്തും നല്ല ഒറവയാന്നു കേട്ടു.'' ചെല്ലനമ്മാൻ ആരോടൊന്നില്ലാതെ പറഞ്ഞു.

''എന്നത്തേക്കു വറ്റുമായിരിക്കും?'' എന്റെ കൗതുകം തലനീട്ടി.

''അങ്ങനെ ഉറപ്പിച്ചു





വര: സിമി മുഹമ്മ

പറയാനൊന്നും പറ്റുകേല. ഇഞ്ചനു കേടുവരാതെയും മറ്റുമിരുന്നാൽ മൂന്നാലു ദിവസം പിടിച്ചേക്കും.'' ചെല്ലനമ്മാൻ ആലോചിച്ചു പറഞ്ഞു.

''മൂന്നാലു ദിവസോ?'' എന്റെ ക്ഷമ നശിച്ചു.

''പിന്നല്ലാതെ! ഇതെത്രയേക്കറ് നിലമാന്നാ നിന്റെ വിചാരം?'' അമ്മാൻ ചോദിച്ചു.

''ആവോ...?''

ഞാൻ കൈമലർത്തി. ഏക്കറിന്റെ കണക്ക് പുറകെ പറയാൻ അമ്മാൻ താമസിച്ചപ്പോൾ പൊന്നി ചാടിക്കേറി ചോദിച്ചു.

''ഇതെത്രയേക്കറാ അച്ചാ...?''

''ഒരഞ്ഞൂറ്... അറുന്നൂറെങ്കിലും വരും.''


ചെല്ലനമ്മാൻ അത്ര ഉറപ്പില്ലാതെ പറഞ്ഞു.

'അഞ്ഞൂറോ!!!' ഞങ്ങൾ മൂന്നുപേരുടെയും കണ്ണുകൾ മിഴിഞ്ഞുപോയി! പിന്നെ നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന പാടത്തിന്റെ അങ്ങേക്കരയിലേക്ക് അന്തംവിട്ടു നോക്കി. പാടത്തിനക്കരെയുള്ള മരത്തലപ്പുകളുടെ നേരിയ പച്ചപ്പ് ആകാശത്തിലേക്കു കലർന്നു കലർന്നു ചാരനിറമാകുന്നു. അങ്ങിങ്ങായി ചില തുരുത്തുകൾ കാണുന്നുണ്ട്. ഒന്നു രണ്ടു വള്ളങ്ങൾ എങ്ങോട്ടോ പോകുന്നുണ്ട്. ദൂരെ ആകാശവും പാടത്തിന്റെ അരികും കൂട്ടിമുട്ടുംപോലെ അങ്ങനെ നിൽക്കെ, പെട്ടെന്ന് ഇഞ്ചന്റെ ഒച്ചയ്ക്കൊരു മാറ്റം. ഞങ്ങളൊരുമിച്ച് ചെല്ലനമ്മാന്റെ മുഖത്തേക്കു നോക്കി.

''ഇഞ്ചനിൽ കരട് കേറിയെന്നാ തോന്നുന്നെ...'' എന്നു പറഞ്ഞ് അമ്മാൻ ഇഞ്ചൻപെരയ്ക്കകത്തെ പലകബോർഡിൽ സദാ കത്തിനിൽക്കുന്ന ബൾബിനടുത്തുള്ള ഒരു ലിവർ പിടിച്ചു താഴേക്കു വലിച്ചു. അതോടെ ഇഞ്ചന്റെ ഒച്ച ഇഴഞ്ഞിഴഞ്ഞു നിലച്ചു. ഞങ്ങൾ മൂവരും തമ്മിൽനോക്കി. പൊന്നന്റെ മുഖത്ത് തന്റെ അച്ഛനിതൊക്കെ ഉടനെ ശരിയാക്കും എന്നൊരു ഭാവമുണ്ട്.

''ഇഞ്ചനിങ്ങനെയാ..... ഇടയ്ക്കിടെ പണിമുടക്കും. മിക്കവാറും അച്ഛൻതന്നെ നന്നാക്കും, അല്ലെങ്കി അക്കരേന്ന് സിബിച്ചേട്ടനെ കൊണ്ടുവരും.''

പൊന്നൻ തനിക്കറിയാവുന്ന ഇഞ്ചൻപുരാണം ഞങ്ങളോടു പറഞ്ഞുകൊണ്ടിരുന്നു. ചെല്ലനമ്മാൻ ഇഞ്ചന്റെ ചിലഭാഗങ്ങൾ തുറന്നു നോക്കുകയും, അതിന്റെ അകം ബ്രഷുകൊണ്ടു വൃത്തിയാക്കുകയും ചെയ്തു. അതുകൊണ്ടും പോരാഞ്ഞ്



വെള്ളത്തിലിറങ്ങി കഴുത്തറ്റം മുങ്ങി ഇഞ്ചൻതറയുടെ അടിയിലേക്ക് കൈയെത്തിച്ച് എന്തൊക്കെയോ ചെയ്യാൻ തുടങ്ങി. അമ്മാന്റെ മൂക്കറ്റം വരെ വെള്ളം തൊട്ടുതൊട്ടു കിടന്നു. ഞങ്ങൾ കഴിയാവുന്നിടത്തോളം ചെറയുടെ ഇറമ്പിലേക്ക് എത്തിക്കുത്തി നിന്നു. ഇതിനിടെ പൊന്നി ഇഞ്ചൻതോട്ടിലേക്ക് തെന്നി വീഴാൻ തുടങ്ങിയെങ്കിലും പൊന്നനവളെ വലിച്ചു ചെറയിലേക്കു കയറ്റി. എനിക്കതു കണ്ടു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവൾ ചുണ്ടു കോട്ടി മുഖം കറുപ്പിച്ചു നിന്നു.

## മൂന്ന്

നനഞ്ഞ തോർത്തുമാറി ചെല്ലനമ്മാൻ കൈലിയുടുത്തു. പിന്നെ നെഞ്ചത്തു കൈവെച്ച് ഇത്തിരിനേരം മിണ്ടാതെ കണ്ണടച്ചുനിന്നിട്ട് ലിവർ ഓണാക്കി. ഒന്നറച്ചു നിന്നശേഷം ഇഞ്ചൻ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും വല്ലാത്തൊരു ശബ്ദത്തോടെ യത് പൊടുന്നനെ കിതച്ചു നിന്നു. അതോടെ ചെല്ലനമ്മാന്റെ മുഖത്ത് അവശേഷിച്ചിരുന്ന നേരിയ വെട്ടവും അണഞ്ഞു. നിരാശയോടെ മുഖം താഴുകയും ചെയ്തു. ആ നിരാശയുടെ നിഴൽ ഞങ്ങളിലേക്കും വീണു.

"നിങ്ങള് പോകുന്ന വഴിക്ക് ആ മണീടെ കടേന്ന് നൂറ് എണ്ണ വാങ്ങിച്ചു പട്ടടേലൊന്ന് വിളക്ക് തെളിച്ച് പ്രാർത്ഥിച്ചേര്."

അയയിൽ കിടന്ന ഷർട്ടിന്റെ പോക്കറ്റീന്നു പത്തുരൂപ എടുത്തു തന്നിട്ട് ചെല്ലനമ്മാമൻ പറഞ്ഞു.

"എനിക്കക്കരേക്കൊന്നു പോകണം, സിബിച്ചനെയൊന്നു കാണണം."

തോട്ടിലേക്ക് കുനിഞ്ഞ് കൈകൊണ്ടു വെള്ളംകോരി മുഖം കഴുകുന്നതിനിടയിൽ അമ്മാൻ തുടർന്നു. അകലങ്ങളിൽ നിന്നും ഒഴുകി ഇഞ്ചൻതോട്ടിലേക്ക് എത്തുന്ന വെള്ളത്തിന്റെ പുളപ്പ് നോക്കി നിശ്ശബ്ദരായി നിന്ന ഞങ്ങൾക്ക് പെട്ടെന്ന് അനക്കം വെച്ചു.

വരിവരിയായി ഞങ്ങൾ ചിറയിലൂടെ മുമ്പോട്ടു നടന്നു. പൊന്നിയാണ് ഏറ്റവും മുന്നിൽ. ചെല്ലനമ്മാൻ കാശ് അവളുടെ കൈയിലാണ് കൊടുത്തത്. അതിന്റെ ഗമ അവളുടെ നടത്തത്തിൽ കാണാനുണ്ട്. അതുകേട്ടു നടക്കാൻ ഒരു രസമുണ്ട്.

"എല്ലാരും പട്ടടേലെ കൽവെളക്കിൽ എണ്ണയൊഴിച്ചുകത്തിച്ചു പ്രാർത്ഥിച്ചിട്ടെ ഏതു പണിയും തുടങ്ങൂ. ഒന്നിനും ഒരു മുടക്കോം വരാതിരിക്കാനാ... വിത്തു കെട്ടുന്നതിനും വിതയ്ക്കുന്നതിനും പറിച്ചു നടുന്നേനും കൊയ്യുന്നേനും ഒക്കെ മുന്നേ ആൾക്കാരിവിടെ വിളക്കു തെളിക്കും."

അവന്റെ വിവരണങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

"അതൊക്കെ എനിക്കും അറിയാം."

ഞാനൊട്ടും കുറച്ചില്ല.

"എനിക്കറിയാം നിനക്കറിയാമെന്ന്. എന്നാലും ഞാൻ പറഞ്ഞെന്നേയുള്ളൂ..."

**ചെല്ലനമ്മാൻ കൈലിയുടുത്തു. പിന്നെ നെഞ്ചത്തുകൈവെച്ച് ഇത്തിരിനേരം മിണ്ടാതെ കണ്ണടച്ചുനിന്നിട്ട് ലിവർ ഓണാക്കി. ഒന്നറച്ചുനിന്നശേഷം ഇഞ്ചൻ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും വല്ലാത്തൊരു ശബ്ദത്തോടെയത് പൊടുന്നനെ കിതച്ചു നിന്നു. അതോടെ ചെല്ലനമ്മാന്റെ മുഖത്ത് അവശേഷിച്ചിരുന്ന നേരിയ വെട്ടവും അണഞ്ഞു. നിരാശയോടെ മുഖം താഴുകയും ചെയ്തു. ആ നിരാശയുടെ നിഴൽ ഞങ്ങളിലേക്കും വീണു.**

പൊന്നൻ തൊട്ടുപുറകെയുണ്ട്. ഞാൻ ഏറ്റവും പിന്നാലെയാണ്. കട്ടകുത്തിയിട്ട് ചെറയുടെ ഉയരം കൂട്ടിയിട്ട് അധികനാളായിട്ടില്ലെന്നു തോന്നുന്നു. നടക്കുമ്പോൾ കാല് മണ്ണിൽ അമർന്ന് ചെറുതായി താഴുന്നുണ്ട്.

"നിനക്കറിയുവോ കണ്ണാ.... ഈ പാടത്തിനു ചുറ്റും നാലോ അഞ്ചോ ഇഞ്ചൻതറകളുണ്ട്. ഈ ഇഞ്ചനെല്ലാംകൂടെ ഒന്നിച്ചു കറങ്ങിയാലെ വെള്ളം വറ്റൂ..."

നടത്തത്തിനിടയിൽ ഇടയ്ക്കിടെ പുറകോട്ടു തിരിഞ്ഞുതിരിഞ്ഞ് പൊന്നൻ ഓരോന്നു പറഞ്ഞുതുടങ്ങി.

പൊന്നൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഞാനും അവന്റെ ചിരിയിൽ പങ്കുചേർന്നു.

"എന്നാ നിനക്കറിയാൻ മേലാത്ത ഒരു കാര്യം ഞാൻ പറയട്ടെ."

പിന്നോട്ടു തിരിഞ്ഞു നിന്നിട്ട് എന്റെ കൈപിടിച്ചോണ്ട് പൊന്നൻ പറഞ്ഞു.

"പറ."

ഞാൻ പറഞ്ഞു.

"നിങ്ങള് നടക്കുണുണ്ടോ ചെക്കന്മാരേ?"

ഞങ്ങൾ നിന്നതുകണ്ട് പൊന്നി ധൃതികൂട്ടി.

'ഇവളുടെയൊരു

കാര്യം' എന്നു കൈകൊണ്ട് ആംഗ്യംകാട്ടി പൊന്നൻ നടന്നു തുടങ്ങി.

"എന്നാ നടന്നോണ്ടു പറയാം."

പൊന്നൻ പറഞ്ഞു തുടങ്ങി.

## നാല്

ഒരിക്കലേ, ഈ തോടുവഴി ഒരു കച്ചോടക്കാരൻ വള്ളത്തെ പലചരക്കുസാധനോമായിട്ട് ആലപ്പുഴയ്ക്ക് ഊന്നിപ്പോകുവാരുന്നു. നേരം സന്ധ്യയായിത്തുടങ്ങിയിരുന്നു. പട്ടടേടെ മുന്നിലെത്തിയതും വള്ളം പിടിച്ചുനിറുത്തിയതു പോലെ നിന്നു. അതും തോടിന്റെ ഒത്തനടുക്ക്. കച്ചോടക്കാരൻ കഴുക്കോലിട്ട് താഴേക്കു കുത്തിനോക്കിയപ്പഴല്ലേ രസം. കഴുക്കുത്തില്ല തോട്ടിൽ. കഴുക്കോലുകൊണ്ടു തുഴഞ്ഞുനോക്കി. വള്ളം ഒരിഞ്ച് അങ്ങോട്ടും ഇങ്ങോട്ടും അനങ്ങുന്നില്ല. മണ്ണിൽ പുതഞ്ഞപോലെ വള്ളമങ്ങനെ തറഞ്ഞു കിടക്കുവാണ്. കച്ചോടക്കാരൻ തോടിന്റെ ഇരുപാടും ആരെങ്കിലുമുണ്ടോന്ന് നോക്കി. ആരെയും കാണാനില്ല. അപ്പോഴാണയാൾ പട്ടടേടെ ഭാഗത്തെ കടവിൽ വെള്ളമിളകുന്ന ഒച്ച കേട്ടത്. അയാൾ അങ്ങോട്ടു നോക്കി. തോട്ടിലേക്ക് ചാഞ്ഞൊരു മരത്തിന്റെ കൊമ്പിൽ കാലുകൾ വെള്ളത്തിലേക്ക് തൂക്കിയിട്ട് ഒരു പെങ്കൊച്ച് ഇരിക്കുന്നു. കച്ചോടക്കാരൻ അവളോടു ചോദിച്ചു.

"എടീ കൊച്ചേ.... കരേല് ആരെങ്കിലുമൊണ്ടോടീ...?"

അപ്പോഴവൾ തിരിച്ചൊരു ചോദ്യം.

"എന്നാ പറ്റി കാർന്നോരെ?" എന്ന്.

അയാൾ കാര്യം പറഞ്ഞു. അപ്പോൾ അവൾ പറയുവാ, 'വള്ളം അവിടെ കെടന്നോട്ടെ, നീന്തി ഇക്കരയ്ക്കുവാ, എന്നിട്ടു നമ്മടെ ആൾക്കാരെയൊക്കെ ഒന്നു കണ്ടേച്ചു പോകാൻ.' എന്തു ചെയ്യാനാ കച്ചോടക്കാരൻ അവൾ പറഞ്ഞപോലെ അനുസരിച്ചു. നീന്തി കരയ്ക്കു കയറിയപ്പോഴാണ് കച്ചോടക്കാരന് അത് പട്ടടയാണെന്നു മനസ്സിലായത്. അയാളുടെ ഉള്ളൊന്നു പിടഞ്ഞു. അയാൾ തിടുക്കത്തിൽ തലേക്കെട്ടിൽ തിരുകിയിരുന്ന തീപ്പെട്ടിയെടുത്ത് കാറ്റില് കെട്ടുപോയ കൽവെളക്കിലെ തിരി കത്തിച്ചു. പിന്നെ മനസ്സുരുകി പ്രാർത്ഥിച്ചു. തോട്ടിലേക്കു തിരിച്ചിറങ്ങുമ്പോൾ കച്ചോടക്കാരൻ പെങ്കൊച്ച് ഇരുന്നിടത്തേക്ക് നോക്കി. "എന്നെയൊന്ന് അക്കരയ്ക്കിറക്കുമോ?" എന്നൊരു ചോദ്യം. കച്ചോടക്കാരൻ സമ്മതിച്ചു. അവളെ തോളിലിരുത്തി കച്ചോടക്കാരൻ നീന്തി വള്ളത്തിൽ കയറി. വള്ളം അനങ്ങിത്തുടങ്ങി.

"അക്കരക്ക് ഒന്നടുപ്പിച്ചേര്."

അവള് മറുവശത്തേക്കു വിരൽ ചൂണ്ടി. കച്ചോടക്കാരൻ അങ്ങനെ ചെയ്തു. വള്ളം കരയോട് ചേർന്നടുത്തില്ല. അതിനു മുമ്പേ നടുപ്പടിയിൽ നിന്നവൾ കരയിലേക്ക് ഒരൊറ്റച്ചാട്ടം. കച്ചോടക്കാരൻ 'വീഴും കൊച്ചേ!' എന്നു പറയാൻ പോയപ്പോഴേക്കും തെങ്ങുകൾക്കിടയിലൂടെ അവള് ഓടി മറഞ്ഞു. ഊന്നാനായി കച്ചോടക്കാരൻ കഴുക്കോൽ കൈയിലെടുത്തു. വള്ളം പടിഞ്ഞാട്ട് നീങ്ങാൻ തുടങ്ങി.

"എങ്ങനെയുണ്ട് സംഭവം.?"

കുറേനേരം എന്റെ കണ്ണുകളിലേക്കു നോക്കിനിന്നിട്ട് പൊന്നൻ ചോദിച്ചു.

"ഇതൊക്കെ നടന്നതാണോ പൊന്നാ...?"

ഞാൻ സംശയം പ്രകടിപ്പിച്ചു.

"അതൊന്നും എനിക്കറിയത്തില്ല... ഞാൻ അച്ചമ്മ പറഞ്ഞു കേട്ടിട്ടുള്ളതാ."

പൊന്നൻ കൈമലർത്തി. പിന്നെ കൂട്ടിച്ചേർത്തു.

"സന്ധ്യനേരത്ത് പട്ടടേ വള്ളമടുപ്പിച്ച് വെളക്കു കത്തിച്ചിട്ടാ കച്ചോടക്കാരൊക്കെ ഇപ്പഴും ഇതിലെ പോണെ..."

"ആണോ... അതു കൊള്ളാമല്ലോ."

ഞാൻ അവന്റെ ഇരു തോളിലും പിടിച്ചു മെല്ലെയുന്തിക്കൊണ്ടു പറഞ്ഞു.

"അച്ചമ്മ പറയുന്ന കഥകൾ ഇനിയുമുണ്ട്, കേൾക്കണോ?"

പൊന്നൻ ചിരിച്ചോണ്ട് ചോദിച്ചു.

**ഒരു കച്ചോടക്കാരൻ വള്ളത്തെ പലചരക്കുസാധനോമായിട്ട് ആലപ്പുഴയ്ക്ക് ഊന്നിപ്പോകുവാരുന്നു. നേരം സന്ധ്യയായിത്തുടങ്ങിയിരുന്നു. പട്ടടേടെ മുന്നിലെത്തിയതും വള്ളം പിടിച്ചു നിറുത്തിയതുപോലെ നിന്നു. അതും തോടിന്റെ ഒത്തനടുക്ക്. കച്ചോടക്കാരൻ കഴുക്കോലിട്ട് താഴേക്കു കുത്തിനോക്കിയപ്പഴല്ലേ രസം. കഴുക്കുത്തില്ല തോട്ടിൽ. വള്ളം ഒരിഞ്ച് അങ്ങോട്ടും ഇങ്ങോട്ടും അനങ്ങുന്നില്ല.**

''യ്യോ... വേണ്ട മതി മതി... കേട്ടിട്ട് പേടിവരുന്നു.''

ഞാൻ കണ്ണിറുക്കിക്കൊണ്ടു പറഞ്ഞു.

''പഴങ്കതേം പറഞ്ഞു നടന്നോ, നമ്മള് എന്തിനാ ഇങ്ങോട്ടു വന്നേന്നുള്ള കാര്യം മറന്നോ പിള്ളാരേ...?''

പൊന്നി ഞങ്ങളെ ശകാരിച്ചു. ഞങ്ങൾ വേഗം നടന്നു. മണിച്ചേട്ടന്റെ പലചരക്കുകട അടുത്തടുത്തു വന്നു.

## അഞ്ച്

''നൂറെണ്ണ.''

പൊന്നി പത്തുരൂപ മണിച്ചേട്ടനു നേരെ നീട്ടിക്കൊണ്ടു പറഞ്ഞു.

''വെളക്കിലൊഴിക്കാനാണോടീ... ഗ്ലാസ്സിത്തന്നാപ്പോരേ?''

മണിച്ചേട്ടൻ ഞങ്ങടെ നേരെ നോക്കി ചോദിച്ചു.

''മതി മതി.''

ഞങ്ങളൊരുമിച്ചു പറഞ്ഞു. മണിച്ചേട്ടൻ സ്റ്റീൽഗ്ലാസ്സിൽ നൂറുമില്ലി എണ്ണയൊഴിച്ച് മോളീടെ കൈയിൽ കൊടുത്തു. ഞങ്ങൾ വീണ്ടും നടക്കാൻ തുടങ്ങി. ഇനിയധികമില്ല പട്ടടയെത്താൻ. ഞങ്ങടെ കൂട്ടത്തിപ്പെട്ടവർ മരിക്കുമ്പം അടക്കുന്ന സ്ഥലമാണത്.

അങ്ങോട്ടടുത്തപ്പോൾ ചെറിയൊരു പേടി ഉള്ളിൽ നിരയ്ക്കാൻ തുടങ്ങി. ഉപ്പൂറ്റിമുതലൊരു തരിപ്പു മുകളിലേക്കു അരിച്ചുകയറാൻ തുടങ്ങി. എങ്കിലും അവിടുള്ളോരെല്ലാം ഞങ്ങടെ അപ്പൂപ്പന്മാരാണല്ലോ എന്നോർത്തപ്പോൾ ചെറിയ സമാധാനമായി. തമ്മിൽ കൈകൾ കോർത്തുപിടിച്ച് ഞങ്ങൾ പട്ടടയുടെ അടുത്തേക്ക് നടന്നു.

തോട്ടുവക്കിൽ നിന്നും പാടത്തേക്കു കുറച്ചു തള്ളി നിൽക്കുന്ന ഒരു പറമ്പാണ് പട്ടട. പറമ്പാകെ ഒട്ടലുകളും പുല്ലുംകൊണ്ട് നിറഞ്ഞിരുന്നു. അങ്ങിങ്ങായി ഉയരം കുറഞ്ഞ തെങ്ങുകളും മറ്റു മരങ്ങളുമുണ്ട്. പച്ചത്തെങ്ങോലകൊണ്ടു മൂടിയ രണ്ടുമൂന്നു മൺതിട്ടകൾ നീളത്തിൽ അങ്ങിങ്ങായി കാണാം. ഓലയുടെ ഉണക്കു നോക്കി അതിന്റെ പഴക്കം അറിയാവുന്നതാണ്. മൺകൂനയിൽ വെട്ടിവെച്ച കരിക്കുകൾ മറിഞ്ഞുകിടക്കുന്നതും കാണാം.

ഞങ്ങൾ കൽവിളക്കിനടുത്തെത്തിയതും പൊടുന്നനെ ഒരു കാറ്റ് തെങ്ങിന്റെ തലപ്പുകളിൽ പടർന്നു പിടിച്ചു . എണ്ണപുരട്ടിയ മാതിരിയുള്ള തെങ്ങോലകളിൽ പോക്കുവെയിൽ കിടന്നു ചാഞ്ചാടി. കാറ്റ് മറ്റു മരങ്ങളിലേക്കും പുൽത്തലപ്പുകളിലേക്കും ഞങ്ങളുടെ തലമുടിയിലേക്കും ഇറങ്ങി വന്നു. കാറ്റു കൂടുതലും പിടിച്ചത് പൊന്നിയുടെ തലയിലായിരുന്നു.

''ഹോ... ഇതെന്നാ കാറ്റാ...''

പൊന്നി മുടിയൊതുക്കിക്കൊണ്ടു പറഞ്ഞു.



“ഹായ് നല്ല രസം.”

കാറ്റിനുനേരെ മുഖം കാണിച്ചു കണ്ണടച്ചുകൊണ്ട് പൊന്നൻ ചിരിച്ചു.

എനിക്കുമാത്രം ഉള്ളിലെ വിറയലിൽ നിന്ന് ഇപ്പോഴും മുഴുവനായും രക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ല. എന്തായാലും ഇതു മരിച്ചവരെ കുഴിച്ചിട്ട പറമ്പല്ലേ. ഞങ്ങളാണെങ്കി പിള്ളേരും. നേരമാണെങ്കിൽ എരിഞ്ഞടങ്ങി വരികയും ചെയ്യുന്നു..

“നമുക്ക് വേഗം... വെളക്കു കത്തിച്ചിട്ടു പോകാം.”

ഞാൻ പൊന്നിയോടു ഗൗരവത്തോടെ പറഞ്ഞു.

പൊന്നൻ ഒരു കമ്പുകൊണ്ടു നീളൻപുല്ലുകളുടെ തലപ്പ് അടിച്ചൊതുക്കുകയാണ്. പൊന്നി ഗ്ലാസ്സിലെ എണ്ണ കൽവിളക്കിന്റെ തട്ടിലേക്കൊഴിച്ചു. പാതി കത്തിയ ഒരു തിരിയതിൽ കിടപ്പുണ്ട്. അതിന്റെ തുമ്പ് കത്തിക്കാവുന്ന പരുവത്തിലാക്കി ഞാൻ തട്ടിന്റെ അരികിലേക്കു വലിച്ചുവെച്ചു.

“യ്യോ... നമ്മള് തീപ്പെട്ടി വാങ്ങിച്ചില്ലല്ലോ!”

പൊന്നിയാണ് അക്കാര്യം ഓർമപ്പെടുത്തിയത്.

“ശ്ശോ... കഷ്ടം. നമ്മളാരും അതോർത്തില്ലല്ലോ.”

ഞാൻ വിഷമത്തോടെ പറഞ്ഞു.

“എന്താ... എന്തുപറ്റി?”

കുറച്ചകലത്ത് പുല്ലുകളുമായി വാൾപയറ്റിലേർപ്പെട്ടിരുന്ന പൊന്നൻ അടുത്തേക്ക് ഓടി വന്നു.

“തീപ്പെട്ടിയില്ല...”

ഞങ്ങൾ ഇരുവരും ചൊടിമലർത്തി സങ്കടത്തോടെ പറഞ്ഞു.

“ഹഹഹഹഹ... അത്രേയുള്ളോ പ്രശ്നം... ഓം ക്രീം കുട്ടിച്ചാത്താ തീപ്പെട്ടി വരട്ടെ...” എന്നു പറഞ്ഞ് പൊന്നൻ കൽവിളക്കിന്റെ ചുവട്ടിൽ കൂടിക്കിടന്നിരുന്ന കല്ലുകൾക്കിടയിൽ കൈയിട്ട് ഒരു തീപ്പെട്ടി പൊക്കിയെടുത്തു. തീപ്പെട്ടി ഉയർത്തിക്കാണിക്കുന്നതോടൊപ്പം അതു കുലുക്കുകയും ‘ടൺണ്ടടേ...’ എന്നൊരു ഒച്ചയും അവനുണ്ടാക്കി.

എനിക്കവനോടുള്ള ആരാധന ഒന്നുകൂടെ കൂടിയെന്നു പറഞ്ഞാൽ മതിയല്ലോ. ഇവനിതെങ്ങനെയറിഞ്ഞു ഇവിടെ തീപ്പെട്ടിയുണ്ടെന്ന്. ഒരുപക്ഷേ മുമ്പിവിടെ ആരുടെയെങ്കിലും കൂടെ വെളക്ക് കത്തിക്കാൻ വന്നിട്ടുണ്ടാവും തീർച്ച.

## ആറ്

“ഞാനിവിടെ അച്ചന്റേം സിബിച്ചേട്ടന്റേം കൂടെയൊക്കെ ഇടയ്ക്കുവരാറുണ്ട്.”

കണ്ണുമിഴിച്ചു നിൽക്കുന്ന ഞങ്ങളെനോക്കി അവൻ ഗമയോടെ പറഞ്ഞു. പിന്നെ വല്യപോസുകാട്ടി തീപ്പെട്ടി തുറന്നു. തുറന്ന തീപ്പെട്ടിയിലേക്കു നോക്കി ഇത്തിരി നേരം നിന്നിട്ട് അവൻ ചിരിച്ചോണ്ട് പറഞ്ഞു.

“സോറി... ഇതിൽ മൂന്നു കൊള്ളിയേ ആകെപ്പാടെയുള്ളൂ... അതുകൊണ്ട് തിരി ഞാൻതന്നെ കത്തിച്ചോളാം... പിള്ളാര് ഇതൊക്കെ കണ്ടുപഠിക്ക്.”

പൊന്നൻ മുതിർന്നവരെപ്പോലെ പറഞ്ഞു. ഞങ്ങളു മൂന്നുപേരും വിളക്കിനു ചുറ്റുമായി അടുത്തടുത്തു നിന്നു. പൊന്നൻ ആദ്യത്തെ കൊള്ളിയുരച്ചു. വളരെ വേഗത്തിലത് കത്തിയെങ്കിലും തിരിയിലേക്ക് തീ പകരും മുമ്പേ അതങ്ങ് കെട്ടുപോയി. ചെറുതായി ഒന്നു ചമ്മിയെങ്കിലും അതു പുറത്തുകാട്ടാതെ അവൻ രണ്ടാമത്തെ കൊള്ളിയുമെടുത്ത് ഞങ്ങളെ ഇരുവരേയും മാറിമാറിയൊന്നു നോക്കിയിട്ട് കാറ്റിനു പുറംതിരിഞ്ഞ് നിന്നു തീപ്പെട്ടി ഉരച്ചു. ഉരഞ്ഞതല്ലാതെ കൊള്ളി കത്തിയില്ല. വീണ്ടും വീണ്ടും ഉരച്ചെങ്കിലും മരുന്ന് കൊള്ളിയുടെ തുമ്പത്തൂന്നും അടർന്നുപോയതല്ലാതെ അതു കത്തിയില്ല. ഇത്തവണ പൊന്നൻ ശരിക്കും ചമ്മി. അവൻ ഞങ്ങടെ മുഖത്തു നോക്കാതെ അവസാനത്തെ കൊള്ളിയെടുത്തു.

ഇതും കത്താതെ പോകുമോ എന്ന തോന്നൽ എന്നെ പിടിച്ചുലച്ചു. നേരമാണെങ്കി ഇരുണ്ടിരുണ്ടു വരികയാണ്. എന്റെ ആധിയും പേടിയുമൊക്കെ കനത്തുവരികയാണ്. പെട്ടെന്നാണ് “ഇനി നീ കത്തിക്കേണ്ട... ഞാൻ കത്തിക്കാം” എന്നു പറഞ്ഞ് പൊന്നി പൊന്നന്റെ കൈയീന്നു

**പൊന്നൻ ആദ്യത്തെകൊള്ളിയുരച്ചു. വളരെ വേഗത്തിലത് കത്തിയെങ്കിലും തിരിയിലേക്ക് തീ പകരും മുമ്പേ അതങ്ങ് കെട്ടുപോയി. ചെറുതായി ഒന്നു ചമ്മിയെങ്കിലും അതു പുറത്തുകാട്ടാതെ അവൻ രണ്ടാമത്തെ കൊള്ളിയുമെടുത്ത് ഞങ്ങളെ ഇരുവരേയും മാറിമാറിയൊന്നു നോക്കിയിട്ട് കാറ്റിനു പുറംതിരിഞ്ഞ് നിന്നു തീപ്പെട്ടി ഉരച്ചു. ഉരഞ്ഞതല്ലാതെ കൊള്ളി കത്തിയില്ല.**

തീപ്പെട്ടിയും കൊള്ളിയും പിടിച്ചുവാങ്ങിയത്.

പിന്നെയവൾ ഞങ്ങളെ അവളുടെ ഇരുവശത്തും ചേർത്തുനിർത്തി. ഇടതു കൈയിൽ കൊള്ളിയും വലതുകൈയിൽ തീപ്പെട്ടിയും പിടിച്ചവൾ കൽവിളക്കിലെ തിരിയിലേക്കു നോക്കിനിന്നു. കുറേനേരമായി അവൾ കൊള്ളി ഉരയ്ക്കാതെ നിൽക്കുന്ന കണ്ടപ്പോ ഞങ്ങളവളെ ശ്രദ്ധിച്ചു. കണ്ണടച്ചാണ് അവളുടെ നിൽപ്പ്. എന്തോ പിറുപിറുക്കുന്നുമുണ്ട്. ചെവി വട്ടംപിടിച്ചിട്ടും അതെന്താണെന്നു കേൾക്കാൻ കഴിയുന്നില്ല. അവളെയനുകരിച്ച് ഞങ്ങളും കണ്ണടച്ചുപിടിച്ചു പിറുപിറുക്കാൻ തുടങ്ങി. പൊടുന്നനെ പിടിച്ചുകെട്ടിയതുപോലെ കാറ്റു നിന്നു. അവൾ ശ്രദ്ധയോടെ തീപ്പെട്ടിയുരച്ചു. മത്താപ്പൂ കത്തുന്നതുപോലെ അവളുടെ കൈയിലിരുന്ന് കൊള്ളി കത്താൻ തുടങ്ങി. തിരിയിലേക്കവൾ കൊള്ളി അടുപ്പിച്ചതേയുള്ളു. തീയതിലേക്ക് ആളിപ്പടർന്നു. അവളുടെ മുഖത്ത് ഒരു കനൽവെട്ടം തെളിഞ്ഞുവരുന്നത് ഞങ്ങൾ കണ്ടു. കണ്ണുകളിൽ കത്തുന്ന രണ്ടു കൽവിളക്കുകളും. അപ്പോൾ അവരുടെയും കാതുകളിലേക്ക് അകലെ നിന്ന് ഒരിരമ്പം ഒഴുകിയെത്തി.

‘‘അതാ ഇഞ്ചനോടാൻ തുടങ്ങി. സിബിച്ചേട്ടൻ വന്നു നന്നാക്കിയെന്നാ തോന്നുന്നെ.’’ എന്നു പറഞ്ഞ് ഞങ്ങളുടെ പിടിവിട്ട് പൊന്നൻ വന്നവഴിയേ കുതിച്ചു. അവന്റെ പുറകെ ഓടുന്നതിനിടയിൽ പൊന്നി ഒരുകൈകൊണ്ട് എന്റെ കൈയിൽ പിടിക്കുകയും മറുകൈകൊണ്ട് നിലത്തു കിടന്നിരുന്ന ഗ്ലാസ്സെടുക്കുകയും ചെയ്തു. ഓട്ടത്തിനിടയിൽ ഞാനവളുടെ മുഖത്തേക്കു പാളിനോക്കി. അവളുടെ മുഖത്തിപ്പോ കനൽവെട്ടമില്ല. കണ്ണുകളിൽ കൽവിളക്കുകളുമില്ല.

‘‘എന്താ ചെക്കാ നോക്കുന്നെ?’’

അവൾ കളിയായി ചോദിച്ചു.

‘‘ഹേയ് ഒന്നൂല്ലാ.... നിനക്കു ഇടതുകൈയാ വശം, അല്ലേ?’’

കാറ്റുമായി കൊമ്പുകോർത്ത് പിന്നാലെ ചുരുൾ നിവർത്തിവരുന്ന ഇരുട്ടിന്റെ തിരകൾക്കുമുമ്പേ കുതിക്കുമ്പോൾ ഞാൻ അവളോടു ചോദിച്ചു.

അവൾ പൊട്ടി...പൊട്ടിച്ചിരിച്ചു. കനൽവെട്ടം കുടിച്ച പടിഞ്ഞാറൻമാനം കാണെക്കാണെ ഇരുണ്ടിരുണ്ടുവന്നു.



# നൊബേൽ സമ്മാനങ്ങളിലേക്ക് ഒരെത്തിനോട്ടം.

ഡോ. എം എൻ ശ്രീധരൻ നായർ




ഡിസംബർ 10, ആൽഫ്രഡ് നൊബേൽ എന്ന ശാസ്ത്രജ്ഞന്റെ ചരമദിനം. അന്നാണ് ആ വർഷത്തെ നൊബേൽ സമ്മാനങ്ങൾ അർഹരായവർക്കു നൽകി അവരെ ആദരിക്കുന്നത്. തന്റെ കണ്ടുപിടുത്തമായ ഡൈനാമിറ്റ് യുദ്ധങ്ങൾക്കും മറ്റു നശീകരണ പ്രവർത്തനങ്ങൾക്കുമായി ദുരുപയോഗപ്പെടുത്തിയതിലെ വേദന കൊണ്ടാകണം നൊബേലിന്റെ സ്വത്തിൽ നല്ലൊരു ഭാഗവും മനുഷ്യചരിത്രത്തിൽ നിർണ്ണായകസംഭാവനകൾ നൽകുന്നവർക്കായി മാറ്റി വച്ചത്. അതാണ് ഏറെ പ്രശസ്തമായ നൊബേൽ സമ്മാനം. എല്ലാ വർഷവും ഒക്ടോബർ മാസമാണ് സമ്മാനർഹരായവരെ പ്രഖ്യാപിക്കുന്നത്. ഇത്തവണ ഒക്ടോബർ 5 മുതൽ ഓരോ ദിവസങ്ങളിലായി വൈദ്യശാസ്ത്രം (Medicine), ഭൗതികശാസ്ത്രം (Physics), രസതന്ത്രം (Chemistry), സാഹിത്യം (Literature), സമാധാനം (Peace), സാമ്പത്തികശാസ്ത്രം (Economics) എന്നീ വിഷയങ്ങളിലെ പുരസ്കാരങ്ങൾ സ്വീഡിഷ് അക്കാദമി പ്രഖ്യാപിച്ചു. അവർ നൊബേൽ സമ്മാനം ഏറ്റുവാങ്ങുന്ന ഈ വേളയിൽ ഈ വിശിഷ്ട വ്യക്തികളെയും അവരുടെ ലോകോപകാരപ്രദമായ സംഭാവനകളെയും നമുക്ക് ഒരുമിച്ചു പരിചയപ്പെട്ടാലോ.

## വൈദ്യശാസ്ത്രം

റിവർ അന്ധത (River Blindness) എന്നൊരു രോഗമുണ്ട്. അന്ധതയ്ക്കു കാരണമായേക്കാവുന്ന ഒരു രോഗം. ഒഴുക്കുള്ള നദികളിൽ മുട്ടയിടുന്ന ഒരുതരം കൊതുകാണ് രോഗം പരത്തുന്നത്. നാടവിര പോലെയുള്ള ചില പരാദജീവികളാണ് (Round worms) രോഗകാരണം. ആഫ്രിക്കയിലും ചില പടിഞ്ഞാറൻ രാജ്യങ്ങളിലുമാണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത്. ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞത് 'അവെർമെക്റ്റിൻ' (Avermectin) എന്ന പുതിയ ഒരൗഷധം വികസിപ്പിച്ചെടുത്തതിനെത്തുടർന്നാണ്. മന്ത് എന്ന രോഗത്തെക്കുറിച്ച് അറിയാമല്ലോ, നമ്മുടെ രാജ്യത്ത് അല്പം പ്രായമായവർക്ക് ഏറെ പരിചിതമായ ഒരു രോഗമായിരുന്നു മന്ത്. മന്തിനെതിരെയും ഈ മരുന്ന് ഫലപ്രദമായിരുന്നു. അയർലൻഡ് സ്വദേശിയായ വില്യം സി കാംബൽ (William C campbell), ജപ്പാൻകാരനായ സതോഷി ഒമുറ (Satashi omura) എന്നിവർ ചേർന്നാണ്



വില്യം സി കാംബൽ | സതോഷി ഒമുറ | യു യു ടു

മരുന്നു വികസിപ്പിച്ചത്.

മലമ്പനി മൂലം ലോകത്ത് മരണമടഞ്ഞവർ ഏറെയാണ്. ഈ രോഗം നിയന്ത്രിക്കാനായത് 'ആർട്ടി മിസിനിൻ' (Artimisinin) എന്ന മരുന്നിന്റെ കണ്ടെത്തലോടെയാണ്. ഇതിന് ചൈനാക്കാരിയായ യു യു ടുവിന്(You You To) നന്ദി പറയണം. ആഫ്രിക്കയിൽ മാത്രം ഒരു ലക്ഷത്തിലധികം മരണം ഒഴിവാക്കാൻ ഇതു സഹായകമായി എന്ന് 'ന്യൂയോർക്ക് ടൈംസ്' റിപ്പോർട്ടു ചെയ്യുകയുണ്ടായി. നാലു ലക്ഷത്തി അമ്പതിനായിര (4,50,000) ത്തിൽപ്പരം ആളുകളാണ് മലേറിയ മൂലം പ്രതിവർഷം മരണമടയുന്നത്. അതിൽ ഏറിയകൂറും കുട്ടികളും.

വില്യം കാംബലും സതോഷി ഒമുറയും യുയുടുവും 2015ലെ വൈദ്യശാസ്ത്രനൊബേൽ സമ്മാനം ഡിസംബർ 10ന് ഏറ്റുവാങ്ങും. 9ലക്ഷം ഡോളറാണ് ആകെ സമ്മാനത്തുക. ഇതിന്റെ പകുതി അവെർമെക്റ്റിൻ വികസിപ്പിച്ചതിനും കണ്ടെത്തലിനും ബാക്കി പകുതി ആർട്ടിമിസിനിൻ വികസിപ്പിച്ചതിനുമാണ് നൽകുക..

## ഭൗതികശാസ്ത്രം

ന്യൂട്രിനോകൾ എന്നു കേട്ടിട്ടുണ്ടോ? നമ്മുടെ ശരീരത്തിലൂടെ ഓരോ സെക്കന്റിലും കോടിക്കണക്കിനു ന്യൂട്രിനോകൾ കടന്നുപോകുന്നുണ്ട്. ഇവയ്ക്കു വൈദ്യുത ചാർജില്ല. ദ്രവ്യമാനവും ഇല്ല എന്നുതന്നെ പറയാം. അക്കാരണത്താൽ അവയ്ക്കു പ്രകാശവേഗതയോടടുത്ത വേഗതയിൽ സഞ്ചരിക്കാനും ഏതുതരം ദ്രവ്യത്തിലൂടെയും തടസ്സം കൂടാതെ കടന്നുപോകാനും കഴിയും. ദ്രവ്യവുമായി വളരെക്കുറച്ചുമാത്രം പ്രതിപ്രവർത്തിക്കുന്ന ഇവയെ കണ്ടെത്തുക നന്നേ ബുദ്ധിമുട്ടാണ്.

രണ്ടുതരം ന്യൂട്രീനോകൾ ധാരാളമായി നിരന്തരം ഭൂതലത്തിൽ എത്തുന്നുണ്ട്. ന്യൂക്ലിയർ പ്രതിപ്രവർത്തനങ്ങളിൽ ഇലക്ട്രോണിനോടൊപ്പം പ്രത്യക്ഷപ്പെടുന്നതാണ് ഇവയിൽ ഒരിനം(ഇലക്ട്രോൺ ന്യൂട്രീനോ). മറ്റേത് മ്യൂവോൺ എന്ന കണത്തോടൊപ്പവും (മ്യൂവോൺ ന്യൂട്രീനോ).

സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന ഇലക്ട്രോൺ ന്യൂട്രീനോകളും മ്യൂവോൺ ന്യൂട്രീനോകളും പരസ്പരം ഇനം മാറുന്ന രസകരമായ ഒരു പ്രതിഭാസം കുറേക്കാലമായി ഭൗതികശാസ്ത്രജ്ഞരെ ചിന്താക്കുഴപ്പത്തിലാക്കിയിരുന്നു. ഈ പ്രശ്നത്തിന്റെ പരിഹാരം കണ്ടെത്തിയതിനാണ് ഇത്തവണത്തെ ഫിസിക്സിനുള്ള നൊബേൽ സമ്മാനം.

കാനഡയിലെ 'ക്വീൻസ് സർവകലാശാല' (Queen's University)യിലെ ആർതർ മക്ഡൊണാൾഡും ജപ്പാനിലെ ടോക്യോ സർവകലാശാല (Tokyo University)യിലെ തക്കാക്കി കജിത (Takaki Kajita)യുമാണ് സമ്മാനാർഹർ.

ഇവർ അവതരിപ്പിച്ച ന്യൂട്രീനോദോലനസിദ്ധാന്തം വലിയൊരു സമസ്യയ്ക്കാണ് ഉത്തരമേകിയത്. ന്യൂട്രീനോദോലന സിദ്ധാന്തത്തിൽ നിന്നുള്ള ഒരു സുപ്രധാന നിഗമനം, ന്യൂട്രീനോകൾക്ക് അല്പമാത്രമെങ്കിലും ദ്രവ്യമാനം ഉണ്ടായിരിക്കണമെന്നതാണ്. സൂര്യന്റെയും മറ്റു





ആർതർ മക്ഡൊണാൾഡ്  തക്കാക്കി കജിത

*ന്യൂട്രിനോ ദോലനസിദ്ധാന്തം കണ്ടെത്തിയതിനും ന്യൂട്രിനോകൾക്ക് ദ്രവ്യമാനമുണ്ട് എന്നു കണ്ടെത്തിയതിനുമാണ് പുരസ്കാരം ലഭിച്ചത്.*

നക്ഷത്രങ്ങളുടെയും അന്തർഭാഗത്തു നടക്കുന്ന ന്യൂക്ലിയർ സംയോജന (Nuclear fusion) പ്രക്രിയകളിലേക്കു കൂടുതൽ വെളിച്ചം വീശാൻ ഈ നിരീക്ഷണങ്ങൾ സഹായകമായി എന്നതും സ്മരണീയമാണ്.



## രസതന്ത്രം

ഡി എൻ എയ്ക്കു തകരാർ സംഭവിച്ചാൽ കോശങ്ങൾ സ്വയം അതിനു പരിഹാരം കണ്ടെത്തി വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതെങ്ങനെ എന്നു കണ്ടെത്തിയതിനാണ് 2015 ലെ 'കെമിസ്ട്രി'ക്കുള്ള നൊബേൽ സമ്മാനം.

സ്വീഡൻകാരനായ തോമസ് ലിൻഡാൽ (Thomas Lindal), അമേരിക്കയിൽ നിന്നുള്ള പോൾ മോഡ്രിച്ച് (Paul Modrich), തുർക്കി വംശജനായ അസീസ് സൻകാർ (Aziz Sancar) എന്നിവരാണ് സമ്മാനം പങ്കിട്ടവർ.

എന്തെങ്കിലും കാരണത്താൽ DNA യ്ക്കു കേടുപാട് സംഭവിച്ചാൽ കോശങ്ങൾ സ്വയം അറ്റകുറ്റപ്പണികൾ നടത്തി എങ്ങനെയാണ് പ്രവർത്തനക്ഷമമാക്കുന്നതെന്ന പഠനമാണ് സമ്മാനാർഹമായത്.

കോശവിഭജന സമയത്ത് DNA യ്ക്കു തകരാറ് സംഭവിക്കാവുന്നതാണ്. അതുമൂലം കാൻസർ പോലുള്ള മാരക രോഗങ്ങൾ ഉണ്ടാകാം. വാർദ്ധക്യത്തിനു കാരണമായ മാറ്റങ്ങളും ഇപ്രകാരമാണു സംഭവിക്കുന്നത്. സ്വയം പരിഹാരത്തിനു സഹായിക്കുന്ന പ്രോട്ടീനുകളെ ഗവേഷകർ തിരിച്ചറിഞ്ഞു. അവരുടെ പഠനം കാൻസർ ചികിത്സാരംഗത്ത് ഫലപ്രദമായ മുന്നേറ്റങ്ങൾ കൈവരിക്കാൻ സഹായകമായി.

77 വയസുള്ള തോമസ് ലിൻഡാൾ ബ്രിട്ടനിലെ ക്ലെയർ ഹാൾ ലാബറട്ടറിയിൽ അർബുദഗവേഷണ വിഭാഗത്തിന്റെ ഡയറക്ടർ ആണ്.

അമേരിക്കയിലെ ഹൊവാർഡ് ഹ്യൂഗ്സ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷകനാണ് 69 കാരനായ പോൾ മോഡ്രിച്ച്. മെഡിക്കൽ ഗവേഷണരംഗത്ത് ഏറെ പ്രശസ്തനുമാണിദ്ദേഹം.

സൻകാർ തുർക്കിയിൽ ഇപ്പോൾ അമേരിക്കയിൽ നോർത്ത് കരോലിന യൂണി







തോമസ് ലിൻഡാൽ  പോൾ മോഡ്രിച്ച്  അസീസ് സൻകാർ

വേഴ്സിറ്റിയിൽ മെഡിക്കൽ വിഭാഗത്തിൽ പ്രൊഫസ്സറായി സേവനമനുഷ്ഠിക്കുന്നു.

പല പാരമ്പര്യ രോഗങ്ങളുടെയും തന്മാത്രാ തലത്തിലുള്ള കാരണങ്ങളും, കാൻസറിനു കാരണമായേക്കാവുന്ന കോശവിഭജന പ്രക്രിയയെപ്പറ്റിയും, വാർദ്ധക്യത്തിലേക്കു നയിക്കുന്ന പരിണാമങ്ങളെപ്പറ്റിയും ഈ ഗവേഷകർ വിശദമായ പഠനങ്ങൾ നടത്തുകയുണ്ടായി. കോശങ്ങളുടെ പ്രവർത്തന രഹസ്യം കണ്ടെത്തി, മനുഷ്യശരീരം എങ്ങിനെയാണ് രോഗങ്ങളെ നേരിടുന്നതെന്നു മനസ്സിലാക്കിയതിലൂടെയാണ് ഈ നേട്ടങ്ങൾ കൈവരിച്ചത്.

## സാഹിത്യം

പത്രപ്രവർത്തകയും എഴുത്തുകാരിയുമായ സ്വെറ്റ്ലാന അലക്സീവിച്ചിനാണ് ഇത്തവണത്തെ സാഹിത്യ നൊബേൽ സമ്മാനം. ഈ അതിവിശിഷ്ട സമ്മാനം നേടുന്ന പതിന്നാലാമത്തെ വനിതയും ആദ്യപത്രപ്രവർത്തകയുമാണ് 1948ൽ ഉക്രയിനിൽ ജനിച്ച സ്വെറ്റ്ലാന അലക്സീവിച്ച്.

റഷ്യൻ ഭാഷയിലാണ് സ്വെറ്റ്ലാനയുടെ രചനകൾ. ഇംഗ്ലീഷ് ഉൾപ്പെടെ പല ഭാഷകളിലേക്കും ഇവ വിവർത്തനം ചെയ്തിട്ടുണ്ട്. യുദ്ധസാഹചര്യങ്ങളിൽ സാധാരണ ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളാണ് രചനകളുടെ മുഖ്യപ്രമേയം.

'ബോയ്സ് ഇൻ സിങ്ക്' എന്ന കൃതിയിൽ അഫ്ഘാൻ യുദ്ധത്തിന്റെ നേർക്കാഴ്ചകൾ കാണാം. രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുത്ത സ്ത്രീകളുടെ അനുഭവങ്ങൾ ഉൾക്കൊള്ളുന്ന കൃതിയാണ്



സ്വെറ്റ്ലാന അലക്സീവിച്ച്

'വാഴ്സ് അൺവുമൺലി ഫേസ്' (War's unwomanly face). 1986 ലെ ചെർണോബിൽ ആണവ ദുരന്തവും സ്വെറ്റ്ലാനയുടെ തൂലികയ്ക്കു വിഷയമായിട്ടുണ്ട്. 'വോയ്സ് ഫ്രം ചെർണോബിൽ' (Voice from Chernobyl) എന്ന കൃതിയുടെ ഉള്ളടക്കം ഈ ദുരന്തമാണ്.

ചെർണോബിൽ ദുരന്തത്തിന്റെ കഥ ഏതാണ്ടൊരു ദൃക്സാക്ഷി വിവരണം പോലുള്ള രചനയാണ്. 'നാഷണൽ ബുക്ക് ക്രിട്ടിക്സ്' (National Book Critics) അവാർഡ് നേടിയ ഈ കൃതി ആണവ ദുരന്തത്തെ അതിജീവിക്കാൻ ഭാഗ്യം സിദ്ധിച്ച സാധാരണ ജനങ്ങളുമായി നടത്തിയ അഭിമുഖസംഭാഷണത്തിലൂടെ തയ്യാറാക്കിയതാണ്. തുടർച്ചയായി 10 വർഷം സ്വെറ്റ്ലാന ഈ സ്ഥലം സന്ദർശിക്കുകയും, 500 ലധികം ആളുകളുമായി അഭിമുഖ സംഭാഷണം നടത്തുകയും ചെയ്തു.

വർത്തമാനകാലത്തെ ധീരതയുടെയും സഹനത്തിന്റെയും സ്മാരകങ്ങളാണ് സ്വെറ്റ്ലാനയുടെ സാഹിത്യ സൃഷ്ടികൾ എന്ന് നൊബേൽ സമ്മാനസമിതി വിലയിരുത്തി.

സ്വെറ്റ്ലാനയുടെ രചനാരീതി റഷ്യയിൽ നിലവിലുള്ള കഥ പറച്ചിൽ (Oral Story telling) സമ്പ്രദായത്തെ അനുകരിച്ച് സ്വീകരിച്ചതാണെന്ന് അവർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. അഭിമുഖസംഭാഷണങ്ങളിൽ ആളുകളുടെ അഭിപ്രായങ്ങൾ അവരുടെ വാക്കുകളിൽ തന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ രീതിയുടെ പ്രത്യേകത നൊബേൽ സമിതി എടുത്തു പറഞ്ഞു.

2013 ൽ പ്രസിദ്ധീകരിച്ച 'സെക്കൻഡ് ഹാൻഡ് ടൈ' ആണ് സ്വെറ്റ്ലാനയുടെ ഏറ്റവും പുതിയ കൃതി. ഒരു രചയിതാവിന്റെ മൊത്തം സാഹിത്യസംഭാവനകളുടെ അടിസ്ഥാനത്തിലാണ് നൊബേൽ സമ്മാനത്തിന് തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും ഒരു കൃതിയുടെ പേരിലല്ല. (6.9 കോടിരൂപ (80ലക്ഷം 'ക്രോണർ') ആണ് സമ്മാനത്തുക.)

# സമാധാന നൊബേൽ

ഏകാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിലേക്ക് ടുണീഷ്യൻ ഭരണസംവിധാനത്തിനു മാറ്റം വരുത്തിയതിൽ നിർണായക പങ്കുവഹിച്ച സംഘടനയ്ക്കാണ് ഇത്തവണത്തെ സമാധാന നൊബേൽ.

ഹൗസിൻ അബ്ബാസി, വിദെദ് ബൗചാമവൊയി, അബ്ദെ സത്താർ ബെൻ മൂസ, ഫദേൽ മഹ്ഫൗദ് എന്നിവർ നേതൃത്വം നൽകുന്ന 'ടുണീഷ്യൻ നാഷണൽ ഡയലോഗ് ക്വാർട്ടെറ്റ്' (Tunisian National Dialogue Quartet) ആണ് പുരസ്കാരം നേടിയ കൂട്ടായ്മ.

2011 ൽ അരങ്ങേറിയ വിപ്ലവത്തെത്തുടർന്ന് ടുണീഷ്യയിൽ ജനാധിപത്യം കെട്ടിപ്പടുക്കുന്നതിന് വിലപ്പെട്ട സംഭാവനകൾ ആണ് ഇവർ നൽകിയത്. നാഷണൽ ഡയലോഗ് ക്വാർട്ടെറ്റ് കൂട്ടായ്മയിലെ ഘടകങ്ങൾ ഇവയാണ്:

- ടുണീഷ്യൻ ജനറൽ ലേബർ യൂണിയൻ
- ടുണീഷ്യൻ കോൺഫെഡറേഷൻ ഓഫ് ഇൻഡസ്ട്രി, ട്രേഡ് & ഹാൻഡി ക്രാഫ്റ്റ്സ്
- ടുണീഷ്യൻ ഹ്യൂമൻ റൈറ്റ്സ് ലീഗ്
- ടുണീഷ്യൻ ഓർഡർ ഓഫ് ലോയേഴ്സ്.

2013-ലാണ് ക്വാർട്ടെറ്റ് ഉടലെടുത്തത്. ടുണീഷ്യയുടെ ജനാധിപത്യവൽക്കരണം അപകടത്തിലാകാനിടവന്ന പ്രതിസന്ധി ഘട്ടമായിരുന്നു അത്. ആസന്നമായ ഒരാഭ്യന്തരയുദ്ധം ഒഴിവാക്കാൻ ക്വാർട്ടെറ്റിന്റെ സമയോചിതമായ ഇടപെടൽ സഹായകമായതായി നൊബേൽ കമ്മിറ്റി നിരീക്ഷിച്ചു. ഇസ്ലാമികകക്ഷികളും മതേതരകക്ഷികളും തമ്മിൽ അർത്ഥവത്തായ സന്ധി സംഭാഷണത്തിന് വഴി തുറന്നത് ആ ഇടപെടലായിരുന്നു. ലിബിയ, സിറിയ, യെമൻ, ഈജിപ്റ്റ് എന്നിവിടങ്ങളിൽ ജനാധിപത്യം ലക്ഷ്യമാക്കി നടന്ന വിപ്ലവങ്ങൾ പരാജയപ്പെട്ട ചരിത്രപശ്ചാത്തലത്തിലാണ് ടുണീഷ്യയിൽ ക്വാർട്ടെറ്റിന്റെ പ്രവർത്തനങ്ങൾ വിജയം കൈവരിച്ചത്. മത രാഷ്ട്രീയ സ്ത്രീപുരുഷഭേദമെന്യേ സകലർക്കും മൗലികാവകാശം ഉറപ്പു വരുത്തുന്ന ഭരണഘടനാസംവിധാനം അതുമൂലം യാഥാർഥ്യമായി.

അറബ് രാജ്യങ്ങളിൽ അരങ്ങേറിയ വിപ്ലവപ്പോരാട്ടങ്ങൾക്കു നേതൃത്വം നൽകിയവർ നോബേൽ കമ്മിറ്റിയുടെ അംഗീകാരത്തിനർഹരാകുന്നത് ഇതു രണ്ടാം തവണയാണ്.

സമ്മാനത്തുക 6.9 കോടി രൂപയ്ക്കു തുല്യമായ 80 ലക്ഷം സ്വീഡിഷ് ക്രോണർ ആണ്; പുറമെ സ്വർണമെഡലും സർട്ടിഫിക്കറ്റും.

ലേബർ യൂണിയനുകൾ, ബിസിനസ്സുകാർ, നിയമജ്ഞർ (Lawyers), മനുഷ്യാവകാശ പ്രവർത്തകർ എന്നിങ്ങനെ നാല് പ്രസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നവരാണ് കൂട്ടായ്മയിലുള്ളത്. ഇവരുടെ കൂട്ടായ പ്രവർത്തനഫലമായിട്ടാണ് ടുണീഷ്യയിൽ ജനാധിപത്യ സംവിധാനം നിലവിൽ വന്നത്.

ഈ ചതുരംഗ കൂട്ടായ്മ (National Dialogue Quartet) തിരികൊളുത്തിയ വിപ്ലവതീജ്വാലയിൽ ടുണീഷ്യയിലെ ഏകാധിപതിയായ പ്രസിഡന്റിന്റെ സ്ഥാനം കത്തിച്ചാമ്പലായി. തുടർന്ന് മധ്യഏഷ്യയിലും വടക്കൻ ആഫ്രിക്കയിലും സമാനമായ സംഭവങ്ങൾ ഉണ്ടായി. എന്നാൽ അവിടങ്ങളിൽ മനുഷ്യാവകാശത്തിലധിഷ്ഠിതമായ സാമൂഹ്യക്രമവും, ജനാധിപത്യവും ശക്തി പ്രാപിച്ചില്ല.

സംവാദം (Dialogue) ആണ് സായുധവിപ്ലവത്തേക്കാൾ അഭികാമ്യം എന്നു തെളിഞ്ഞിരിക്കുന്നുവെന്നാണ് സമ്മാനം കൈവന്നതിനെ പരാമർശിച്ച് ടുണീഷ്യൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടത്.



Tunisian National Dialogue Quartat നേതാക്കളായ ഹൗസിൻ അബ്ബാസി, വിദെദ് ബൗചാമവൊയി, അബ്ദെ സത്താർ ബെൻ മൂസ, ഫദേൽ മഹ്ഫൗദ്

# സാമ്പത്തിക ശാസ്ത്രം


സാമ്പത്തിക ശാസ്ത്രത്തിനുള്ള ഇത്തവണത്തെ നൊബെൽ സമ്മാനം ലഭിച്ചത് ആംഗസ് ഡീറ്റൻ എന്ന 70-കാരനായ സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധനാണ്. അമേരിക്കയിൽ പ്രിൻസ്ടൺ സർവ്വകലാശാലയിൽ 'ഇക്കണോമിക്സ് ആൻഡ് ഇന്റർനാഷണൽ അഫയേഴ്സ്' വകുപ്പിൽ പ്രൊഫസ്സർ ആണ് ഇദ്ദേഹം.

ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക നയം രൂപീകരിക്കുന്നതിൽ ഗവൺമെന്റ് കണക്കിലെടുക്കേണ്ട മുഖ്യഘടകങ്ങളായ ഉപഭോഗം, ദാരിദ്ര്യം, ക്ഷേമം എന്നീ വിഷയങ്ങൾ സംബന്ധിച്ച ഗവേഷണ പഠനങ്ങളാണ് അദ്ദേഹത്തിന് നൊബേൽ സമ്മാനം നേടിക്കൊടുത്തത്.

1968 മുതലാണ് സാമ്പത്തിക ശാസ്ത്രത്തിന് നൊബേൽ സമ്മാനം ഏർപ്പെടുത്തിയത്. ഇതിനുള്ള ധനസഹായം നൽകുന്നത് സ്വീഡനിലെ സെൻട്രൽ ബാങ്ക് ആണ്.



ആംഗസ് ഡീറ്റൻ



കഥ

# ഫെലൂദയുടെ സാഹസങ്ങൾ

സത്യജിത് റായ്
പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്

## ഒരു രത്നത്തിന്റെ കഥ

നാല്

‘‘ഹലോ... ഫെലൂ! നീ ഇവിടെ?’’

‘‘എന്താ പ്രതീക്ഷിച്ചില്ലേ?’’

‘‘ടിക്കറ്റിന്റെ കാര്യം ഞാൻ മറന്നിട്ടില്ല. അതു വൈകുന്നേരം വീട്ടിലെത്തും...’’

‘‘അതെനിക്കറിയാം. അതിനു വേണ്ടി മാത്രമല്ല ഞാനിവിടെ വന്നത്. നിന്റെ വീടിന്റെ ടെറസ്സിൽ നിന്നു നോക്കിയാൽ കൽക്കത്തയുടെ വടക്കുഭാഗം ഏറെക്കുറെ കാണാമല്ലോ. എന്റെ ഒരു സുഹൃത്ത് കൽക്കത്തയെക്കുറിച്ച് ഒരു സിനിമ എടുക്കുന്നുണ്ട്. അതിനായി നഗരത്തിന്റെ ഏകദേശചിത്രം നോക്കിപ്പറയാൻ പറഞ്ഞു.’’

‘‘അതിനെന്താ... ആ കോണിയിലൂടെ മുകളിലേക്കു പൊയ്ക്കോളൂ. അപ്പോഴേക്കും ഞാൻ ചായ ശരിയാക്കാം.’’

ഗണപതി ചാറ്റർജിയുടെ വീട് നാലു നിലകളുണ്ട്. ടെറസ്സിൽ നിന്നു നോക്കിയപ്പോൾ വലതുവശത്തായി കൈലാസ് ചൗധരിയുടെ വീട് നന്നായി കാണാമായിരുന്നു. രണ്ടാം നിലയിലെ ഒരു മുറിയിൽ വെളിച്ചമുണ്ടായിരുന്നു. കൈലാസ്



വര: ടി ആർ രാജേഷ്

ചൗധരിയുടെ അച്ഛന്റെ മുറിയാണ് അതെന്ന് എനിക്കു മനസ്സിലായി. മച്ചിലെ ചെറിയമുറിയും വ്യക്തമായി കാണാമായിരുന്നു. രണ്ടാം നിലയിലെ കോണിപ്പടിയിലും വെളിച്ചം കണ്ടു. ഫെലൂദ ബൈനോക്കുലറിലൂടെ നോക്കിയപ്പോൾ ആരോ പടികൾ കയറിപ്പോകുന്നതു കണ്ടു. കൈലാസ് ചൗധരി അകലെയാണെങ്കിലും ഞാനയാളുടെ ചുവന്ന ഗൗൺ തിരിച്ചറിഞ്ഞു. കുറച്ചു സമയത്തേക്ക് അയാൾ ദൃഷ്ടിയിൽ നിന്നും മറഞ്ഞു. പിന്നീട് വീടിന്റെ മുകളിൽ നിൽക്കുന്നതു കണ്ടു. ഗണപതി ചാറ്റർജിയുടെ ടെറസ്സിലേക്കുള്ള വാതിലിന്റെ മറവിൽ നിന്ന് ഞങ്ങൾ അയാളുടെ നീക്കങ്ങൾ രഹസ്യമായി നിരീക്ഷിച്ചു.

ചൗധരി ചുറ്റുപാടും വിശദമായി ഒന്നു വീക്ഷിച്ചതിനു ശേഷം മറുവശത്തേക്കു പോയി. അല്പം കഴിഞ്ഞപ്പോൾ ചെറിയ മുറിയിൽ വെളിച്ചം കണ്ടു. ഇപ്പോൾ ചൗധരി അവിടെ ജനാലയ്ക്കരികിൽ പുറംതിരിഞ്ഞു നിൽക്കുന്നു. എന്റെ ഹൃദയമിടിപ്പു കൂടി. കുറച്ചുനേരം അനങ്ങാതെ നിന്നതിനു ശേഷം അയാൾ എന്തോ എടുക്കാനെന്നപോലെ കുനിഞ്ഞു. തറയിൽ ഇരുന്നതായിട്ടാണ് എനിക്കു തോന്നിയത്. കുറച്ചു നേരം കൂടി കഴിഞ്ഞപ്പോൾ അയാൾ എഴുന്നേറ്റ് വിളക്കണച്ച് തിരികെ ഇറങ്ങി.

''ഇത് അത്ഭുതകരമായിരിക്കുന്നു!''

ബൈനോക്കുലർ മാറ്റി ഫെലൂദ പറഞ്ഞു. ഗണപതി ചാറ്റർജിയോടു യാത്ര പറഞ്ഞ് ഞങ്ങളിറങ്ങി. അടുത്തദിവസം രാവിലെ ഫെലൂദ എന്നെ വിളിച്ചുണർത്തി.

''തപേഷ്, നമുക്ക് ഇപ്പോൾ തന്നെ ശ്യാംപുകാറിലേക്കു പോകണം.''

''അതെന്തിനാ?'' ഞാൻ എഴുന്നേറ്റിരുന്നു.

''ഞാനിപ്പോൾ ചൗധരിയുടെ വീട്ടിൽ വിളിച്ചിരുന്നു. ആരും ഫോണെടുത്തില്ല. അവിടെ എന്തോ കുഴപ്പമുണ്ടെന്നു തോന്നുന്നു!''

പത്തു മിനിറ്റിനുള്ളിൽ റെഡിയായി ഞങ്ങൾ ഒരു ടാക്സിയിൽ ശ്യാംപുകാറിലേക്കു പോയി.

''അയാളൊരു ചതിയൻ തന്നെ! കുറച്ചുമുമ്പേ അറിഞ്ഞിരുന്നുവെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ലായിരുന്നു.''

പോകുന്നവഴിയിൽ ഫെലൂദ പിറുപിറുത്തു. ചൗധരിയുടെ വീടിന്റെ മുൻവശത്തെ വാതിൽ തുറന്നു കിടന്നിരുന്നു. ഫെലൂദ നേരെ അബനീഷ് ബാബുവിന്റെ മുറിയിലേക്കു പോയി. അവിടെ കണ്ട കാഴ്ചതന്നെ ഞെട്ടിച്ചു. മേശയ്ക്കരികിൽ ഒരു കസേര മറിഞ്ഞു കിടപ്പുണ്ട്. അതിനടുത്ത് കെട്ടിയിട്ട നിലയിൽ അബനീഷ് ബാബു കിടക്കുന്നു. അയാളുടെ വായ തൂവാലകൊണ്ടു മൂടിക്കെട്ടിയിരിക്കുന്നു. ഫെലൂദ അതഴിച്ചുമാറ്റി.

''നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ ഞാനിവിടെ ശ്വാസംമുട്ടി മരിച്ചു പോയേനെ!''

അബനീഷ് ബാബുവിന്റെ വാക്കുകളിൽ വിറയലുണ്ടായിരുന്നു. അയാൾ വല്ലാതെ ഭയന്നുപോയതുപോലെയുണ്ട്.

''ഇതാരാണ് നിങ്ങളെ കെട്ടിയിട്ടത്?''

''താങ്കൾക്ക് ഊഹിക്കാൻ പോലും കഴിയില്ല. എന്റെ സ്വന്തം അമ്മാവനാണ് ഈ കടുംകൈ ചെയ്തത്. കുറച്ചുദിവസമായി അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റമുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നില്ലേ. കുറച്ചുജോലിയുള്ളതുകൊണ്ട് ഞാൻ രാവിലെ നേരത്തേഎഴുന്നേറ്റതാണ്. കുറച്ചു കഴിഞ്ഞപ്പോൾ അമ്മാവൻ വന്ന് മുറിയിലെ ലൈറ്റണച്ചു. പിറകിൽ നിന്ന് എന്നെ തലയ്ക്കടിച്ചു വീഴ്ത്തി. എന്റെ ബോധം പോയി. നിങ്ങൾ വരുന്നതിനു തൊട്ടുമുമ്പാണ് ബോധം തെളിഞ്ഞത്. അയാൾ കിതച്ചുകൊണ്ടു പറഞ്ഞു.

ഫെലൂദ സ്വീകരണമുറിയിലേക്കു നടന്നു. മൂന്നുപടികൾ വീതം ഒരുമിച്ചു ചാടിക്കയറി ഞങ്ങൾ നിമിഷനേരംകൊണ്ട് മുകളിലെത്തി. കൈലാസ് ചൗധരിയുടെ കിടപ്പുമുറി ഒഴിഞ്ഞുകിടക്കുന്നു. ആരോ മുറിയിൽ ഉണ്ടായിരുന്നതിന്റെ

അല്പം കഴിഞ്ഞപ്പോൾ ചെറിയ മുറിയിൽ വെളിച്ചം കണ്ടു. ഇപ്പോൾ ചൗധരി അവിടെ ജനാലയ്ക്കരികിൽ പുറംതിരിഞ്ഞു നിൽക്കുന്നു. എന്റെ ഹൃദയമിടിപ്പു കൂടി. കുറച്ചുനേരംഅനങ്ങാതെ നിന്നതിനുശേഷം അയാൾ എന്തോ എടുക്കാനെന്നപോലെ കുനിഞ്ഞു. തറയിൽ ഇരുന്നതായിട്ടാണ് എനിക്കു തോന്നിയത്. കുറച്ചു നേരംകൂടി കഴിഞ്ഞപ്പോൾ അയാൾ എഴുന്നേറ്റ് വിളക്കണച്ച് തിരികെ ഇറങ്ങി.

ലക്ഷണങ്ങളുണ്ട്. അലമാര യുടെ വാതിൽ തുറന്നു കിടന്നിരുന്നു. ഫെലൂദ വലിപ്പ് തുറന്നുനോക്കി. അവിടെ ഒരു വെൽവെറ്റ് പെട്ടിയിൽ രത്നം ഭദ്രമായി കിടപ്പുണ്ടായിരുന്നു. അപ്പോ ഴേക്കും അബനീഷ് ബാബുവും അങ്ങോട്ടുവന്നു. അയാൾ നന്നേ അവശനായി രുന്നു.

''മുകളിലെ മുറിയിലെ താക്കോൽ ആരുടെ കൈയിലാണ്?'' ഫെലൂദ ചോദിച്ചു.

''അമ്മാവന്റെ കൈയിലാ ണ്.'' അയാൾ പറഞ്ഞു.

''ശരി, നമുക്ക് മുകളി ലേക്കു പോകാം.''

മുകളിലെ മുറിയുടെ വാതിൽ താഴിട്ടു പൂട്ടിയിരി ക്കുന്നു! ഫെലൂദ സർവശക്തിയുമെടുത്ത് തോളുകൊണ്ട് വാതിലിൽ ആഞ്ഞിടിച്ചു. മൂന്നാമത്തെ ശ്രമത്തിൽ വാതിൽ തുറന്നു. ചുവരിൽ നിന്നു തുരുമ്പിച്ച ഏതാനും ആണികൾ താഴെ വീണു. ഫെലൂദയുടെ കരുത്ത് എന്നെ വിസ്മയി പ്പിച്ചു. അകത്തു നല്ല ഇരുട്ടാ യിരുന്നു. വളരെ സൂക്ഷിച്ച് ഞങ്ങൾ അകത്തുകയറി കുറച്ചുകഴിഞ്ഞ് എന്റെ കണ്ണു കൾ ഇരുട്ടുമായി ഇണങ്ങിയ പ്പോൾ ഒരു മൂലയിൽ ആരെ യോ കെട്ടിയിട്ടിരിക്കുന്നതു കണ്ടു. അതാരായിരിക്കും? കൈലാസ് ചൗധരിയോ? കേദാറോ?

ഫെലൂദ അയാളുടെ കെട്ടുകളഴിച്ച് കിടപ്പറയിൽ കൊണ്ടുവന്നു. കിടന്ന് അല്പം ആശ്വാസം കിട്ടി യപ്പോൾ അയാൾ പതുക്കെ സംസാരിച്ചു തുടങ്ങി.

''ഓ! താങ്കളായിരുന്നോ?'' ഫെലൂദയെനോക്കി വളരെ ദുർബലസ്വരത്തിൽ അയാൾ ചോദിച്ചു.

''അതെ സർ, ഞാൻ കുറ്റാന്വേഷകനായ പ്രദോഷ് മിത്തറാണ്. താങ്കളാണ് എനിക്കു കത്തെഴുതിയത് അല്ലേ? ഭാഗ്യവശാൽ ഇപ്പോഴാണ് താങ്കളെ കണ്ടു മുട്ടാൻ കഴിഞ്ഞത്. അബ നീഷ് ബാബു ഇദ്ദേഹത്തിന് അല്പം ചൂടുപാൽ കൊടു ക്കാമോ?''

അബനീഷ് ബാബു താഴോട്ടു പോയപ്പോൾ ഞാൻ കൈലാസ് ചൗധ രിയെ അത്ഭുതത്തോടെ നോക്കിനിന്നു. ഒരു തലയി ണയിൽ ചാരിയിരുന്ന് അദ്ദേഹം പറഞ്ഞു.

''ദൈവം നല്ല ആരോഗ്യം തന്നതുകൊണ്ട് ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. കഴിഞ്ഞ നാലുദിവസം... ഓർക്കാൻ വയ്യ...''

''അങ്ങ് കൂടുതൽ ആയാ സപ്പെടേണ്ട. അല്പം വിശ്ര മിക്കൂ.'' ഫെലൂദ പറഞ്ഞു.

''അതല്ല മിസ്റ്റർ മിത്തർ, എനിക്കു താങ്കളോടു കുറച്ചു സംസാരിക്കണം. താങ്കൾക്ക് ഞാൻ കത്തയച്ച ദിവസം അവൻ ഇവിടെ വന്നിരുന്നു. ചായയിൽ മയക്കുമരുന്നു ചേർത്ത് എന്നെ അബോധവസ്ഥയിലാക്കി. വേറെ വഴിക്കൊന്നും അവന് എന്നെ കീഴ്പ്പെടുത്താൻ കഴിയില്ല...''

''അന്നുമുതൽ അയാൾ താങ്കളുടെ വേഷംകെട്ടി അല്ലേ?'' കൈലാസ് ചൗധരി അവശതയോടെ തലയാട്ടി.

''എല്ലാം എന്റെ തെറ്റാണ്. മിസ്റ്റർ മിത്തർ. ആരെയും കുറ്റംപറയാൻ ഞാൻ ആളല്ല. ഞങ്ങളുടെ കുടുംബക്കാർക്കു പൊങ്ങച്ചംപറയൽ പാരമ്പര്യ മായിക്കിട്ടിയ സ്വഭാവമാണ്. നിങ്ങൾക്കറിയാമോ? വെറും അമ്പതുരൂപയ്ക്ക് ജബൽപ്പൂ രിൽനിന്നാണ് ആ രത്നം വാങ്ങിയത്. ഒരു ദുർബല നിമിഷത്തിൽ മധ്യപ്രദേ ശിലെ കാട്ടിനുള്ളിലെ ഒരു ക്ഷേത്രവിഗ്രഹത്തിൽ നിന്നു കിട്ടിയ വിലപിടിപ്പുള്ള രത്നമാണതെന്ന് ഞാൻ അവനോടു പറഞ്ഞുപോയി. അവനതു വിശ്വസിച്ചു എന്നു മാത്രമല്ല, അത് തട്ടിയെടു ക്കാനുള്ള പരിപാടികളും ആസൂത്രണം ചെയ്തു. എന്റെ നേട്ടങ്ങളിലെല്ലാം അവനു കടുത്ത അസൂയ യായിരുന്നു.

എന്റെ നേരെ വിപരീത സ്വഭാവമായിരുന്നു അവന്. ധൂർത്തനും തെമ്മാടി യുമായിരുന്നു അവൻ. കള്ളപ്പണം സൂക്ഷിച്ചതിന് ഒരിക്കൽ പോലീസ് അവനെ അറസ്റ്റുചെയ്യുക കൂടിയു ണ്ടായി. അന്ന് ഞാനവനെ രക്ഷിച്ചില്ലായിരുന്നുവെങ്കിൽ അവൻ ഇപ്പോഴും പുറം ലോകം കാണില്ലായിരുന്നു.

അകത്തു നല്ല ഇരുട്ടായിരുന്നു. വളരെ സൂക്ഷിച്ച് ഞങ്ങൾ അകത്തുകയറി കുറച്ചുകഴിഞ്ഞ് എന്റെ കണ്ണുകൾ ഇരുട്ടുമായി ഇണങ്ങിയപ്പോൾ ഒരു മൂലയിൽ ആരെയോ കെട്ടിയിട്ടിരിക്കുന്നതു കണ്ടു. അതാരായിരിക്കും? കൈലാസ് ചൗധരിയോ? കേദാറോ? ഫെലൂദ അയാളുടെ കെട്ടുകളഴിച്ച് കിടപ്പറയിൽ കൊണ്ടുവന്നു. കിടന്ന് അല്പം ആശ്വാസം കിട്ടിയപ്പോൾ അയാൾ പതുക്കെ സംസാരിച്ചു തുടങ്ങി.



ഒരാഴ്ച മുമ്പ് എന്റെ രത്നം കളവു പോയി. വിദേശത്തു നിന്നു തിരിച്ചെത്തിയ എന്റെ ഇരട്ടസഹോദരൻ കേദാറാണ് ഇതിനു പിന്നിലെന്നു ഞാൻ സ്വപ്നത്തിൽപോലും കരുതിയില്ല. വീട്ടിലെ വേലക്കാരെയാണ് ഞാൻ സംശയിച്ചത്. എന്നാൽ വീട്ടിൽ നിന്നു രത്നം കണ്ടെത്താനായില്ല.

രണ്ടുദിവസം കഴിഞ്ഞ് ഞാൻ താങ്കൾക്കെഴുതി. അന്നു വൈകുന്നേരം കേദാർ ഇവിടെവന്ന് രത്നം തിരിച്ചുനൽകി. അതിന് ഒരു വിലയുമില്ലെന്ന് അവൻ മനസ്സിലാക്കിയിരുന്നു. ഒരുലക്ഷം രൂപയെങ്കിലും കിട്ടുമെന്നാണ് കേദാർ വിചാരിച്ചത്. അവന് പണം അത്യാവശ്യമാണെന്നും ഇരുപതിനായിരം രൂപ ഉടൻ കൊടുക്കണമെന്നും അവൻ ആവശ്യപ്പെട്ടു. കൊടുക്കില്ലെന്നു മനസ്സിലായപ്പോൾ സ്നേഹം നടിച്ച് എനിക്ക് ചായയിൽ മയക്കുമരുന്നു നൽകി. അബോധവസ്ഥയിലായ എന്നെ അവൻ മച്ചിൽ കൊണ്ടുപോയി കെട്ടിയിട്ടു. പണം നൽകിയില്ലെങ്കിൽ മരണംവരെ അവിടെ കിടക്കുമെന്ന് അവൻ എന്നെ ഭീഷണിപ്പെടുത്തി. പുറത്താർക്കും സംശയമുണ്ടാകാതിരിക്കാൻ അവൻ എന്റെ ഓഫീസിൽ വിളിക്കുകയും സുഖമില്ലാത്തതുകൊണ്ട് ഞാൻ അവധിയിലാണെന്നും തട്ടിവിട്ടു.''

കൈലാസ് ചൗധരി പറഞ്ഞതെല്ലാം സശ്രദ്ധം കേട്ടതിനുശേഷം ഫെലൂദ പറഞ്ഞു.

''താങ്കൾ എനിക്കു കത്തെഴുതിയ വിവരം കേദാറിനറിയില്ലായിരുന്നു. ഞങ്ങളുടെ പ്രതീക്ഷിക്കാത്ത വരവ് അയാളെ അങ്കലാപ്പിലാക്കി. പത്തുമിനിട്ടിനുള്ളിൽ ഒരു ഊമക്കത്തെഴുതി ആരോ അയാളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നതായി ഞങ്ങളെ ധരിപ്പിച്ചു. ഈ വീട്ടിലും അയാളുടെ ജീവിതത്തിലും ഞാൻ

കയറിച്ചെന്നത് അയാളെ അസ്വസ്ഥനാക്കി. അതിന്റെ തുടർച്ചയായിരുന്നു ഫോണി ലൂടെയുള്ള ഭീഷണിയും കാറിടിച്ചു കൊല്ലാനുള്ള ശ്രമവും!''

കൈലാസ് ചൗധരിയുടെ നെറ്റിയിൽ വിയർപ്പുകണ ങ്ങൾ പൊടിഞ്ഞു. അയാൾ പറഞ്ഞു.

''അത് അവൻ തന്നെ യാണ്. പക്ഷേ ഞാൻ അവനു പണമൊന്നും കൊടുത്തിട്ടില്ല. പിന്നെന്താ പെട്ടെന്നു പൊയ്ക്കളഞ്ഞത്? അവൻ വെറുംകൈയോടെ പോകില്ലെന്ന് എനിക്കു നല്ല ഉറപ്പുണ്ട്. ''

''അത് അമ്മാവൻ പറഞ്ഞത് ശരിയാ...''

വാതിലിനടുത്തുനിന്ന്



അബനീഷ് ബാബു വിളിച്ചു പറഞ്ഞു. അയാൾ ഒരു ഗ്ലാസ്സ് പാലുമായി വന്നതു ഞങ്ങൾ ശ്രദ്ധിച്ചിരുന്നില്ല.

''കേദാർമാമൻ വെറും കൈയോടയല്ല പോയത്. എന്റെ വിലപിടിപ്പുള്ള വിക്ടോറിയൻസ്റ്റാമ്പും അടിച്ചോണ്ടുപോയി!''

അയാൾ ആക്രോശിച്ചു. ഫെലൂദ അബനീഷ് ബാബുവിന്റെ ഭാവമാറ്റം ശ്രദ്ധിക്കുകയായിരുന്നു. അയാളുടെ അടുത്തുചെന്ന് ഫെലൂദ ചോദിച്ചു.

''നിങ്ങളുടെ സ്റ്റാമ്പ് അയാൾ എടുത്തെന്നോ?''

''അതെ സർ... കേദാർ മാമൻ എന്നോടു ഈ കൊലച്ചതി ചെയ്തല്ലോ!''

''ആട്ടെ ആ സ്റ്റാമ്പിന്റെ വിലയെത്രയാണ്?''

''ഇരുപതിനായിരം രൂപ!'' തലയ്ക്കു കൈവച്ച്. അബനീഷ് ബാബു വിലപിച്ചു.

''പക്ഷേ കാറ്റലോഗിൽ കൊടുത്തിട്ടുള്ള വില വെറും അമ്പതുരൂപയാണല്ലോ അബനീഷ് ബാബു?''

ഫെലൂദ ഒരു ചെറു പുഞ്ചിരിയോടെ പറഞ്ഞു. ഫെലൂദ അതു പറഞ്ഞതും അവിടെ വലിയ ഒരു പൊട്ടിച്ചിരി ഉയർന്നു. കൈലാസ് ചൗധരിയാണ് തന്റെ അവശതയെല്ലാം മറന്നു ചിരിച്ചത്. അയാൾ പറഞ്ഞു.

''മിസ്റ്റർ മിത്തർ, ഞങ്ങളുടെ കുടുംബക്കാരുടെ പൊങ്ങച്ച സ്വഭാവത്തെ ക്കുറിച്ച് ഞാൻ താങ്കളോടു പറഞ്ഞിരുന്നല്ലോ.''

അബനീഷ് ബാബുവിന്റെ മുഖം വിളറിവെളുത്തു. അയാൾ ഫെലൂദയെ നോക്കി ചമ്മലോടെ പറഞ്ഞു.

''മൂന്നുവർഷത്തെ എന്റെ അധ്വാനത്തിന്റെ ഫലമായിരുന്നു സർ അത്. നാലായിരം സ്റ്റാമ്പുകൾ തപ്പിയപ്പോഴാണ് എനിക്കതു കിട്ടിയത്. അതിനത്ര വിലയൊന്നുമില്ല എന്നതു സത്യമാണ്. പക്ഷേ എന്റെ അധ്വാനത്തിന് അത്രയും വിലയുണ്ട് സർ!''

ഫെലൂദ ചിരിച്ചുകൊണ്ട് അയാളെ ആശ്വസിപ്പിച്ചു.

''സാരമില്ല അബനീഷ് ബാബു, നിങ്ങളുടെ കേദാർ മാമന് തക്ക ശിക്ഷ ലഭിക്കാൻ പോകുന്നു. ഇന്നു രാവിലെ തന്നെ അയാൾ ഇവിടെ നിന്നു രക്ഷപ്പെടുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ഞാൻ ഇന്ത്യൻ എയർലൈൻസിൽ വിളിച്ചിരുന്നു. അയാൾ ഇന്നു രാവിലത്തെ വിമാനത്തിൽ ബോംബെയ്ക്കു പോകുന്നുവെന്ന് അവർ പറഞ്ഞു. കുറച്ചുദിവസം മുമ്പ് വാങ്ങിയ ഡെറ്റോളിന്റെ കാര്യം മറന്നുപോയി എന്നു പറഞ്ഞപ്പോഴേ എനിക്കു നിങ്ങളുടെ അമ്മാവനെ സംശയമുണ്ടായിരുന്നു.''

കേദാർ ചൗധരിയെ പോലീസ് അറസ്റ്റു ചെയ്തു. നഷ്ടപ്പെട്ടുപോയ വിക്ടോറിയൻ സ്റ്റാമ്പ് അബനീഷ് ബാബുവിന് തിരിച്ചുലഭിച്ചു. ഫെലൂദയ്ക്ക് കൈലാസ് ചൗധരി കൈനിറയെ പണം കൊടുത്തു.

ഇന്നു വീട്ടിലിരുന്നു ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ഫെലൂദയോടു പറഞ്ഞു.

''ഫെലൂദ എന്റെ മനസ്സിൽ തോന്നിയ ഒരു കാര്യം പറയട്ടെ?''

''ഉം എന്താണ്?''

''കൈലാസ് ചൗധരിയുടെ അച്ഛനെക്കുറിച്ചാണ്. കേദാറിന്റെ ദുഷ്ചെയ്തികളെക്കുറിച്ച് അദ്ദേഹത്തിനറിയാമായിരിക്കണം. ഇരട്ടകളാണെങ്കിൽപോലും ഒരച്ഛന് തന്റെ മക്കളെ തിരിച്ചറിയാൻ കഴിയുമായിരിക്കും. അതല്ലെങ്കിൽ അന്ന് അയാൾ മകനെ അങ്ങനെ ക്രൂരമായി തുറിച്ചുനോക്കില്ലായിരുന്നു...''

''ങ്ഹും. അങ്ങനെ ആവാനും സാധ്യതയുണ്ട്. അതെന്തോ ആവട്ടെ. ഒരു കാര്യത്തിൽ എനിക്കു സന്തോഷമുണ്ട്. നീയും എന്നെപ്പോലെ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. നിന്റെ ബുദ്ധി സാമർഥ്യത്തെ ഞാൻ അഭിനന്ദിക്കുന്നു!''

അഭിമാനംകൊണ്ട് എന്റെ മുഖം വിടർന്നു. ഫെലൂദയാകട്ടെ എന്റെ പാത്രത്തിൽ നിന്ന് ഒരു ജിലേബിയെടുത്തു കഴിച്ചു.

പിറ്റേദിവസം ക്ലാസ്സിൽ പോകുമ്പോൾ കൈലാസ് ചൗധരിയുടെ രത്നത്തിന്റെ കഥ കൂട്ടുകാരോടു പറയാൻ തിടുക്കമായി.

നിങ്ങളുടെ കേദാർമാമന് തക്ക ശിക്ഷ ലഭിക്കാൻ പോകുന്നു. ഇന്നു രാവിലെ തന്നെ അയാൾ ഇവിടെ നിന്നു രക്ഷപ്പെടുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ഞാൻ ഇന്ത്യൻ എയർലൈൻസിൽ വിളിച്ചിരുന്നു. അയാൾ ഇന്നു രാവിലത്തെ വിമാനത്തിൽ ബോംബെയ്ക്കു പോകുന്നുവെന്ന് അവർ പറഞ്ഞു. കുറച്ചുദിവസം മുമ്പ് വാങ്ങിയ ഡെറ്റോളിന്റെ കാര്യം മറന്നുപോയി എന്നു പറഞ്ഞപ്പോഴേ എനിക്കു നിങ്ങളുടെ അമ്മാവനെ സംശയമുണ്ടായിരുന്നു.'



# മനുഷ്യാവകാശങ്ങളുടെ ഓർമ്മപുതുക്കൽ

**ആർ രാധാകൃഷ്ണൻ**



രണ്ടാം ലോകയുദ്ധകാലം. ലോകചരിത്രത്തിൽ മനുഷ്യർ തന്റെ സഹജീവികളോടു നടത്തിയ ക്രൂരതകളും കൂട്ടക്കുരുതികളും അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നു. അന്ന് ഹിറ്റ്ലർ എന്ന നാസിത്തലവൻ നടത്തിയ ക്രൂരതകൾ എല്ലാ സീമകളും ലംഘിക്കുന്നതായിരുന്നു. ഗ്യാസ്ചേംബറിലേക്കയച്ച് പതിനായിരക്കണക്കിനു കുഞ്ഞുങ്ങളടക്കം ഹിറ്റ്ലറുടെ പട്ടാളം കൊന്നൊടുക്കിയവരുടെ എണ്ണം ഭീതിയോടെയേ ഓർത്തെടുക്കാനാവൂ. ജൂതരായിപ്പോയി എന്നതു മാത്രമായിരുന്നു പലരും ചെയ്ത കുറ്റം. ജീവിക്കാനുള്ള മനുഷ്യന്റെ അവകാശം. അതിന് യാതൊരുവിലയും അന്ന് ഹിറ്റ്ലർ എന്ന മനുഷ്യാധമൻ നൽകിയിരുന്നില്ല.

ഹിരോഷിമ, നാഗസാക്കി... ലോകം കണ്ട മറ്റൊരു കൂട്ടക്കുരുതി. മനുഷ്യചരിത്രത്തിൽ സമാനതകളില്ലാത്തതായിരുന്നു അത്. അതിന്റെ തിക്തഫലങ്ങൾ ജപ്പാനിലെ ജനങ്ങളിൽ പലരും ഇന്നും അനുഭവിക്കുന്നു.

മനുഷ്യർ മനുഷ്യരോടു തന്നെ കാണിക്കുന്ന ഈ വിവേചനം പലരിലും ഒരു പുനർവിചിന്തനമുണ്ടായിത്തുടങ്ങിയത് രണ്ടാംലോകയുദ്ധത്തിന്റെ അവസാനസമയത്താണ്. ലോകചരിത്രത്തിൽ അന്നുവരെ മനുഷ്യാവകാശങ്ങളെപ്പറ്റി സമഗ്രമായ ഒരു കാഴ്ചപ്പാടും ഉടലെടുത്തിരുന്നില്ല. തങ്ങൾക്കുള്ളതുപോലെയുള്ള അവകാശങ്ങൾ മറ്റു മനുഷ്യർക്കുമില്ലേ എന്ന് പലരും ചിന്തിച്ചു തുടങ്ങി. രണ്ടാംലോകയുദ്ധം തീർത്ത കെടുതികൾ മനുഷ്യാവകാശങ്ങളെപ്പറ്റി ചിന്തിക്കാൻ ലോകസംഘടനയെത്തന്നെ പ്രേരിപ്പിച്ചു.

1947-ൽ ഒരു സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനം തയ്യാറാക്കുവാൻ യു എൻ സാമ്പത്തിക-സാമൂഹ്യസമിതി (Economic and Social council - Eco Soc) ഒരു ഉപസമിതിയെ നിയമിച്ചിരുന്നു. ആ ഉപസമിതി തയ്യാറാക്കിയ രേഖ 1948 ഡിസംബർ 10 ന് യു എൻ പൊതുസഭ അംഗീകരിച്ചു. അതാണ് 'സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനം' എന്ന സുപ്രധാനമായ പ്രമാണം.

സ്വാതന്ത്ര്യത്തിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിൽ വെളിച്ചംവീശുന്ന ഉജ്ജ്വല മാർഗരേഖകളിൽ ഒന്നാണിത്. അതോടൊപ്പം യു എൻ ഈ രേഖ അംഗീകരിച്ച ദിനത്തിന്റെ ഓർമയ്ക്കായി എല്ലാ വർഷവും ഡിസംബർ 10 ലോകമനുഷ്യാവകാശദിനമായി ആചരിക്കാനും തീരുമാനിച്ചു.

ഓരോ മനുഷ്യർക്കും വെവ്വേറെ അവകാശങ്ങളാണെങ്കിൽ അതെത്രമാത്രം അനീതിയായിരിക്കും? ആ അനീതിക്കെതിരെ നടന്ന പ്രഖ്യാപനമായിരുന്നു 'സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനം.' മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ജന്മസിദ്ധമായ അന്തസ്സും തുല്യവും അനപഹാര്യവുമായ അവകാശങ്ങളും ഉണ്ടെന്ന അംഗീകാരമായിരുന്നു ഇത്. സ്വാതന്ത്ര്യം, നീതി, ലോകസമാധാനം എന്നിവയുടെ അടിസ്ഥാനം

തന്നെ ഈ അവകാശങ്ങളുടെ അംഗീകാര മാണ്.

ചരിത്രപ്രസിദ്ധമായ ഈ പ്രമാണം ഒരു പീഠികയും 30 വകുപ്പുകളും അടങ്ങിയ ഒരു ഹ്രസ്വരേഖയാണ്. എല്ലാമനുഷ്യരും സ്വത ന്ത്രരായും തുല്യമായ അന്തസ്സോടും അവ കാശങ്ങളോടുംകൂടിയാണ് ജനിക്കുന്നത് എന്ന് വ്യക്തമായി രേഖയിൽ സൂചിപ്പിച്ചി ട്ടുണ്ട്. അതിൽ സാമ്പത്തികവും സാമൂഹി കവും സാംസ്കാരികവുമായ അവകാശങ്ങ ളുണ്ട്. പൗരത്വ രാഷ്ട്രീയ അവകാശങ്ങളു മുണ്ട്. യാതൊരുതരത്തിലുള്ള വിവേചനവും കൂടാതെ ലോകത്തുള്ള എല്ലാ സ്ത്രീപുരുഷ ന്മാരും പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചി ട്ടുള്ള എല്ലാ അവകാശങ്ങൾക്കും അർഹരാ ണെന്നും രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യ സഹായം, സാമൂഹ്യസേവനങ്ങൾ, വിദ്യാ ഭ്യാസം തുടങ്ങി എല്ലാ പ്രാഥമികാവകാശ ങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വർക്കും നിയമത്തിന്റെ ദൃഷ്ടിയിൽ തുല്യത ഉണ്ടാകണമെന്നും യാതൊരു വിവേചനവും അരുതെന്നും ഉറപ്പിച്ചു പറയുന്നു. അഭിപ്രായ സ്വാതന്ത്ര്യം, ആശയപ്രകടനസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, മനഃ സാക്ഷിക്കനുസരണമായി ജീവിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയ എല്ലാ അവകാശ ങ്ങളും ഈ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.

ഈ അന്താരാഷ്ട്രപ്രമാണത്തിൽ ഒപ്പു വച്ചിട്ടുള്ള ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാരാജ്യ ങ്ങളും അവരവരുടെ ഭരണഘടനയിലൂടെ അവരുടെ രാജ്യങ്ങളിലെ ജനങ്ങൾക്ക് ഈ അവകാശങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. നമ്മുടെ ഭരണഘടനയിലെ മൂന്നാം അധ്യായ ത്തിലെ മൗലികാവകാശങ്ങളും നാലാം അധ്യായത്തിലെ നിർദ്ദേശകതത്വങ്ങളും ഈ പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള അവകാശങ്ങളാണ്.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ലോകത്തിലെ 700 കോടിയിൽപ്പരം വരുന്ന ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഇന്നും ഈ അവകാശങ്ങൾ അനുഭവിക്കാൻ കഴിയാത്തവരാണ്. മനുഷ്യാവകാശങ്ങൾ എല്ലാവർക്കും അനുഭവിക്കുവാൻ സാധി ക്കുന്ന ഒരു സാമൂഹ്യസാഹചര്യം സൃഷ്ടി ക്കുന്നതിൽ ഭരണാധികാരികൾ വിജയിച്ചിട്ടില്ല എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന മഹനീയലക്ഷ്യങ്ങൾ ഇന്നും വിദൂരത്താണ് എന്നർത്ഥം.

വിശപ്പടക്കാൻ ഭക്ഷണം കിട്ടാത്തവർ, ധരിക്കാൻ വസ്ത്രം ലഭിക്കാത്തവർ, അന്തിയുറങ്ങാൻ ഇടമില്ലാത്തവർ, രോഗം വന്നാൽ ചികിത്സ ലഭിക്കാത്തവർ എന്നുതുടങ്ങി വളരെ പ്രാഥമികമനുഷ്യാ വകാശങ്ങൾപോലും അനുഭവിക്കുവാൻ കഴിയാത്തവരുടെ സംഖ്യ ലോകത്ത് ഒട്ടും കുറവല്ല.

വർത്തമാനകാലത്ത് ഇന്ത്യയിൽ മനുഷ്യാവകാശങ്ങൾ ധ്വംസിക്കാൻ പല സംഘടിതശക്തികളും മുന്നോട്ടുവരുന്നതു ജനങ്ങൾക്ക് ആശങ്ക ഉണ്ടാക്കുന്നു. അഭിപ്രായസ്വാതന്ത്ര്യവും ആശയപ്രകാശന സ്വാതന്ത്ര്യവും വിനിയോഗിക്കുന്നതിനു പരിധി കൽപ്പിക്കുവാൻ മതമൗലികവാദികൾ തുനിയുന്നു. യുക്തിചിന്തയും ശാസ്ത്ര ബോധവും പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരെ ഉന്മൂലനം ചെയ്യുന്നു. ഏറ്റവും മൗലികമായ മനുഷ്യാവകാശങ്ങൾപോലും ധ്വംസിക്കപ്പെടു ന്നതായി വാർത്തകൾ വരുന്നു.

ഈ പ്രവണത വർദ്ധിച്ചാൽ അതു ജനാധി പത്യത്തിന്റെ അന്ത്യംകുറിക്കും. ഇതിനെതിരെ നിതാന്തജാഗ്രത പുലർത്തുമെന്നാകട്ടെ ഈ വർഷത്തെ മനുഷ്യാവകാശദിനാചരണത്തിൽ ഓരോരുത്തരുടെയും ദൃഢപ്രതിജ്ഞ!






# വേണ്ടാത്ത ചങ്ങാത്തം

(ജാതകകഥ)

ചിത്രീകരണം വെങ്കി



ബോധിസത്വൻ ഹിമാലയത്തിലുള്ള ഒരാശ്രമത്തിൽ പ്രാർത്ഥനയും ധ്യാനവുമായി കഴിയുകയാണ്.

ഒപ്പം ധാരാളം ശിഷ്യരും. ശിഷ്യരിൽ ഒരാൾ വളരെ കരുത്തനും സാഹസികനുമാണ്. അയാൾ ഒരാനയെ



വളരെ അരുമയായി വളർത്തുന്നുണ്ടായിരുന്നു. അതറിഞ്ഞ ബോധിസത്വൻ അയാളെ ഉപദേശിച്ചു. "വത്സാ നാമെല്ലാം സന്യാസം സ്വീകരിച്ചവരാണ്. ലൗകികമായ സ്നേഹ ബന്ധങ്ങൾ നമുക്കു പാടില്ല. മാത്രമല്ല ആന സ്വതേ അപകടകാരിയുമാണ്. പോറ്റി വളർത്തുന്നവരെത്തന്നെ കൊന്നൊടുക്കും. അപ്പോൾപ്പിന്നെ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? ഇവിടെയാണെങ്കിൽ കുറേപ്പേരുണ്ട്. ആന ആരെയെങ്കിലും ഉപദ്രവിച്ചിലോ? അതുകൊണ്ട് ആനക്കുട്ടിയെ ഉപേക്ഷിക്കുന്നതല്ലേ നല്ലത്?"


പക്ഷേ ആ ശിഷ്യൻ അതനുസരിക്കാൻ തയ്യാറായില്ല. ശിഷ്യൻ പറഞ്ഞു.

"ഗുരോ, എനിക്ക് ആനക്കുട്ടിയെ ഉപേക്ഷിക്കാൻ കഴിയില്ല."

"എങ്കിൽ അതിന്റെ ദുരനുഭവം അനുഭവിച്ചേ മതിയാകൂ." അതും പറഞ്ഞ് ബോധിസത്വൻ സംഭാഷണം അവസാനിപ്പിച്ചു.

അയാൾ വളരെ സ്നേഹത്തോടെ ആനക്കുട്ടിയെ വളർത്തി. കുറേ വർഷങ്ങൾക്കുശേഷം അത് ഒത്തവലിപ്പമുള്ള ഒരു ആനയായി. വേനൽ വന്നു. മഴക്കാലത്തേക്ക് ആവശ്യമുള്ള കിഴങ്ങുകൾ ശേഖരിക്കാൻ സന്യാസിമാരെല്ലാം







കാട്ടിലേക്കു പോയി. ആശ്രമത്തിൽ ആരുമുണ്ടായിരുന്നില്ല. അപ്പോഴേക്കും ആനയ്ക്കു ഭ്രാന്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ആദ്യം അവൻ ആശ്രമം തകർത്തു. പിന്നെ സന്യാസിമാരെ അന്വേഷിച്ച് കാട്ടിലേക്കു കടന്നു.

ആദ്യം വന്നത് ആനയെ വളർത്തിയ സന്യാസിയാണ്. അയാൾ കാട്ടിൽ നിന്നും ശേഖരിച്ചു വിശേഷപ്പെട്ട കാട്ടുകിഴങ്ങുകൾ ആനയ്ക്കു കൊടുക്കാനായി അതിനടുക്കൽ ചെന്നു. പക്ഷേ ആന പെട്ടെന്ന് അയാളെ തുമ്പിക്കൈക്കൊണ്ട് കടന്നു പിടിച്ചു. ചുരുട്ടിയെടുത്ത് അടുത്തുള്ള മരത്തിൽ ആഞ്ഞടിച്ചു. ഇതുകണ്ട മറ്റു ശിഷ്യർ ഓടി രക്ഷപ്പെട്ടു. ഇതറിഞ്ഞ ബോധിസത്വൻ ഇങ്ങനെ പറഞ്ഞു.

"ഉചിതമല്ലാത്ത ആരുമായും കൂട്ടുകൂടരുത്."





# മൃഗശാല

കെ കെ പല്ലശ്ശന



കരടി കരിമ്പുലി കങ്കാരു
കവരയൻകുതിര മരപ്പട്ടി
അരുമക്കലമാൻ മലയണ്ണാൻ
വിരുതേറുന്ന കുരങ്ങൻമാർ
ചീറ്റപ്പുലികൾ ചീങ്കണ്ണി
ചീറ്റുംപാമ്പുകൾ ചെങ്കീരി
ഒറ്റക്കാലിൽ മിഴിപൂട്ടി
ഒറ്റപ്പെട്ട പെരുംകൊറ്റി
ഇരുൾമറപറ്റിയിരിക്കുന്നു
തുറുകണ്ണുകളോടൊരു നത്ത്
കലപിലകൂട്ടും പരദേശി-
പ്പറവക്കൂട്ടം പലകൂട്ടിൽ
അവരുടെ കണ്ണിൽ കനലുണ്ട്
കനവുകൾ വറ്റിയ പാടുണ്ട്
അവരുടെ കാടുകളാകാശം
കവരാനാർക്കാണവകാശം?

വര: ആശ ആർ

# സ്റ്റെയിൻലെസ് സ്റ്റീലിനുമുണ്ടൊരു കഥ

പ്രൊഫ. എസ് ശിവദാസ്



ആരാ മാമാ ഈ സ്റ്റെയിൻലെസ് സ്റ്റീൽ കണ്ടുപിടിച്ചത്? അതിന്റെ കഥയൊന്നു പറയാമോ? ഒരു കാന്താരി ക്കുട്ടിയുടെ കത്താണ്. സ്റ്റെയിൻലെസ് സ്റ്റീലിന്റെ കഥ തന്നെ പല കഥക ളുടെ ഘോഷയാത്രയാണ്. തളിരിന്റെ ഒരു പേജിൽ കഥ ഒതുക്കേണ്ടതിനാൽ ഒരു കഥ പറയാം.



ആ കഥ തുടങ്ങുന്നത് 1912 ൽ. ഇംഗ്ലണ്ടിലെ ഷെഫിൽഡിലെ ബ്രൗൺ-ഫിർത്ത് (Brownfirth) റിസർച്ച് ലാബറട്ടറിയിലെ ഹാരി ബ്രിയർലി (Harry Brearley) ആണ് കഥയിലെ നായകൻ.

തോക്കിൻകുഴലുണ്ടാ ക്കാൻ പറ്റുന്ന നല്ല ലോഹ സങ്കരം (alloy) കണ്ടെത്താ നുള്ള ഗവേഷണത്തിലാ യിരുന്നു ഹാരി. അദ്ദേഹം പലതരം സ്റ്റീലുകൾ ഉണ്ടാക്കി, അവയുടെ പ്രത്യേകതകൾ പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ഉണ്ടാക്കുന്ന സാമ്പിളുകൾ പഠനത്തി നുശേഷം ഒരിടത്തു കൂട്ടി യിടും. ആ വേസ്റ്റാകട്ടെ (സ്ക്രേപ്പ്) ആരും ഗൗനി ക്കാതെ ഒരു മൂലയിൽ കിടക്കുകയാണു പതിവ്. കുറെനാൾ കഴിഞ്ഞു. ഒരുനാൾ അദ്ദേഹം വേസ്റ്റ് എടുത്തുകളയാൻ പോവു കയായിരുന്നു. എല്ലാ ലോഹക്കഷണങ്ങളും തുരുമ്പിച്ചു നിറം മങ്ങി പ്പോയിരുന്നു. അവ എടുത്തുമാറ്റുമ്പോൾ അതാ ഇടയിലൊരു തിളക്കം!

ഹാരി അത്ഭുതത്തോടെ നോക്കി. അതാ ഏതാനും കഷണങ്ങൾ തുരുമ്പി

ക്കാതെ കിടന്നു തിളങ്ങുന്നു. ഹാരി ആ കഷണങ്ങൾ എടുത്തു പരിശോധിച്ചു. അവ ക്രോമിയവും നിക്കലും ചേർന്ന സ്റ്റീൽ ആണ് എന്ന് അദ്ദേഹത്തിനു മനസ്സിലായി. തോക്കിൻകുഴലിനു പറ്റാത്തതിനാൽ ഉപേക്ഷിച്ചവ. തികച്ചും യാദൃച്ഛികമായ കണ്ടെത്തൽ. പക്ഷേ ഹാരി ആ കണ്ടെത്തലിനെപ്പറ്റി ലേഖനം പ്രസിദ്ധീകരിച്ചത് 1915 ൽ മാത്രമായിരുന്നു. ന്യൂയോർക്ക് ടൈംസിലെ ഒരു ലേഖനത്തിലൂടെ.

സ്റ്റേ ബ്രൈറ്റ് (Stay brite) എന്ന പേരിലായിരുന്നു ഇംഗ്ലണ്ടിൽ അതു മാർക്കറ്റിലെത്തിയത്. അമേരിക്കയിൽ സമാന ഉല്പന്നത്തിനു പേറ്റന്റ് നേടിയിരുന്നത് ഹായ്സായിരുന്നു. അദ്ദേഹവുമായി യോജിച്ച് ഹാരി അമേരിക്കൻ സ്റ്റെയിൻലെസ് സ്റ്റീൽ കോർപ്പറേഷൻ രൂപീകരിച്ച് ഉല്പാദനം ആരംഭിക്കുകയും ചെയ്തു.

ഇപ്പോൾ എല്ലാ കാന്താരിക്കുട്ടികൾക്കും ഒരു രഹസ്യം കൂടി മനസ്സിലായില്ലേ? നിങ്ങൾ പഠിക്കുന്ന ഓരോ കണ്ടെത്തലിനുപുറകിലും ഓരോ കഥകൾ ഉണ്ട്. ആ കഥകൾ കൂടി അറിഞ്ഞാൽ പഠനം എത്ര രസകരമാകും! അതിനാൽ എല്ലാ കാന്താരിക്കുട്ടികളും ഇനി കഥ അറിഞ്ഞ് ആട്ടം (പഠനം) നടത്തണം!

ഈ കഥയ്ക്കൊരു മറുകഥയുമുണ്ട്. തുരുമ്പിക്കാത്ത ഉരുക്ക് പണ്ടു



പണ്ടേ ഭാരതീയർ കണ്ടെത്തിയിരുന്നു! ഡൽഹിയിലെ പ്രശസ്തമായ ഇരുമ്പു സ്തംഭം (Iron pillar) സി ഇ 400 നോടടുത്ത് കുമാരഗുപ്തന്റെ ഭരണകാലത്തു സ്ഥാപിച്ചതാണ് എന്നുകരുതപ്പെടുന്നു. ഇത്രയും കാലം നാശനത്തെ (Corrosion) ചെറുത്തു നിൽക്കുന്ന ആ സ്തംഭം ഒരു അത്ഭുതം തന്നെ.

### തിരുത്ത്

തളിര് നവംബർ ലക്കത്തിൽ *ദെക്കാർത്ത കണ്ട സ്വപ്നം* എന്ന ലേഖനത്തിൽ റെനെ ജനിച്ചത് 1596 മാർച്ചുമാസം 31-ാം തീയതി എന്നു തിരുത്തിവായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

എഡിറ്റർ

# കാഴ്ചയ്ക്കും കേൾവിക്കും അതിമധുരം പകരുന്ന മിഠായി

കുട്ടിക്കുറുമ്പന്മാർക്കും കുറുമ്പത്തി കൾക്കും ആടിപ്പാടി രസിക്കാനും കളിക്കാനും മധുരിക്കുന്ന ഒരു സമ്മാനവുമായി വരികയാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിജിറ്റൽ വിപ്ലവത്തിനു തുടക്കം കുറിച്ചുകൊണ്ട് ഇക്കഴിഞ്ഞ നവംബർ 13-ാം തീയതി 'മിഠായി' എന്ന കുട്ടിപ്പാട്ടു സമാഹാരവും  സി ഡി യും പ്രകാശനം ചെയ്തു. കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജിയുടെ സ്മരണയുണരുന്ന നവംബർ മാസം തന്നെ  ഈ സമാഹാരം പ്രസിദ്ധീ കരിക്കാൻ കഴിഞ്ഞു എന്നത് 'മിഠായി'ക്ക് ഇരട്ടി മധുരം നൽകുന്നു.

മാതൃഭാഷയുടെ നാവുവഴക്കിപ്പാട്ടുകളുടെ മിഠായിമധുരം കുട്ടികൾക്കു പകർന്നു നൽകുന്നത് കുട്ടിപ്പാട്ടുകാരൻ എന്ന ചെല്ലപ്പേരുള്ള ജവഹർ ബാലജനവേദി ചെയർമാൻ ജി വി ഹരിയാണ്. മലയാളത്തിൽ മൊഴിച്ചന്തമൂറുന്ന വരികളാണ് കുട്ടിപ്പാട്ടുകളുടെ എടുത്തു പറയേണ്ട സവിശേഷത.

ഗായകരായ ജി വേണുഗോപാൽ വൈക്കം വിജയലക്ഷ്മി, കല്ലറ ഗോപൻ, അഖില ആനന്ദ്, രാജലക്ഷ്മി എന്നിവർക്കൊപ്പം ജി വി ഹരി, ജോസ് സാഗർ, ബെൻ മോഹൻ, ഖാലിദ്, ലീല ജോസഫ്, ഡോ. രശ്മി, ബി ശോഭ, ഡി കെ ആനന്ദ്, വിജേഷ് ഗോപാൽ, ഹരിശങ്കർ, അനീഷ്യ, ബിജോയ് എന്നിവരാണ്





കുട്ടിപ്പാട്ടുകൾ ആലപിച്ചിരിക്കുന്നത്. ഡി കെ ആനന്ദിന്റേതാണ് സംഗീതം.

തിരുവനന്തപുരം വി ജെ ടി ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല മിഠായി പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചു. ആരോഗ്യവകുപ്പുമന്ത്രി വി എസ് ശിവകുമാറാണ് സി ഡിയുടെ പ്രകാശനം നിർവഹിച്ചത്. എം എൽ എ പാലോട് രവി ഇവ ഏറ്റുവാങ്ങി.

ഇതോടൊപ്പം മറ്റൊരു സംരംഭത്തിനും കൂടി ഇൻസ്റ്റിറ്റ്യൂട്ട് തുടക്കം കുറിച്ചു.

**മീഡിയ വോയ്സ് എക്സലൻസ് അവാർഡ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക്**

മീഡിയ വോയ്സ് എക്സലൻസ് അവാർഡ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. നെടുമുടി ഹരികുമാറിന്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം. സർഗ്ഗവസന്തം ക്യാമ്പുകൾ, അക്ഷരയാത്ര തുടങ്ങിയ പരിപാടികളിലൂടെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കേരളം മുഴുവൻ വ്യാപിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

കേരളത്തിൽ അച്ചടിപ്പുസ്തകങ്ങൾ വായിക്കുവാൻ കഴിയാത്ത വായനാപ്രതിബന്ധമുള്ളവർക്കായി ഡെയ്സി (DAISY- Digitally Accessible Information System) സാങ്കേതിക വിദ്യയിൽ 'മിഠായി'യുടെ ഒരു പതിപ്പും പ്രകാശനം ചെയ്തു. ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തല മുരുക്കുംപുഴ ഇൻഫന്റ് ജീസസ് ഐ എസ് ഡി സ്കൂളിലെ വിദ്യാർത്ഥിനിയായ കുമാരി ദേവികയ്ക്കു നൽകിക്കൊണ്ടായിരുന്നു പ്രകാശനം.

ചക്ഷുമതി ഡെയ്സി റിസോഴ്സ് സെന്ററിലെ ശ്രീറാം 'മിഠായി'യുടെ ഡെയ്സി പതിപ്പിനെക്കുറിച്ച് സംസാരിച്ചു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. നെടുമുടി ഹരികുമാറിന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതിയംഗങ്ങളായ എം ചന്ദ്രപ്രകാശ്, അജിത് വെണ്ണിയൂർ, ഗായകൻ ജി വേണുഗോപാൽ, ഡോ. ജോർജ് ഓണക്കൂർ, ഡോ. എം ആർ തമ്പാൻ, ജി വി ഹരി, ജെ എൻ സെലിൻ എന്നിവർ സംസാരിച്ചു.

പ്രശസ്ത മാന്ത്രികൻ ശ്രീ ഗോപിനാഥ് മുതുകാടിന്റെ അവതരണത്തോടെ ആരംഭിക്കുന്ന മിഠായിപ്പാട്ടിന്റെ സി ഡിയിൽ ജി വേണുഗോപാൽ, വൈക്കം വിജയലക്ഷ്മി എന്നിവർ ആലപിച്ച കുട്ടിപ്പാട്ടുകൾ ചടങ്ങിൽ കേൾപ്പിച്ചത് സദസ്സ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്.

# സഭാകമ്പം മറികടക്കാം പ്രകടനം മികച്ചതാക്കാം

ഡോ. ബി പത്മകുമാർ



കുഞ്ഞുണ്ണിക്കു പാട്ട് വളരെ ഇഷ്ടമാണ്. കൊച്ചുകുഞ്ഞായിരിക്കുമ്പോൾ എത്ര വാശിപിടിച്ചു കരയുമ്പോഴും ഒരു നല്ല പാട്ടു കേൾപ്പിച്ചാൽമതി. അപ്പോൾ കഴിയും വാശിയും കരച്ചിലും. സംഗീതത്തോടുള്ള താത്പര്യം കണ്ടിട്ടാണ് പാട്ടു പഠിക്കാനായി വിജയലക്ഷ്മി ടീച്ചറിന്റെയടുത്തു കൊണ്ടു ചെന്നാക്കിയത്.

നന്നായി പാടുന്ന കുഞ്ഞുണ്ണിയെ ടീച്ചറിനും വലിയ ഇഷ്ടമായി. വളരെ പെട്ടെന്നു തന്നെ വരിശകളും ഗീതവുമൊക്കെ കുഞ്ഞുണ്ണി പഠിച്ചെടുത്തു. കീർത്തനങ്ങളും പാടാൻ തുടങ്ങി.

പക്ഷേ, പ്രശ്നം നാലു പേരുടെ മുമ്പിൽ പാടാൻ പറയുമ്പോഴാണ്. അപ്പോൾ തന്നെ നെഞ്ച് പടപടാന്ന് ഇടിക്കാൻ തുടങ്ങും. നാവും തൊണ്ടയുമൊക്കെ വരളും. കൈയും കാലും തണുത്ത് ഐസ് പോലെയാകും. നന്നായി പാടാൻ കഴിയുമോ? പാട്ടുമോശമായാൽ മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു കരുതും? അവർ കളിയാക്കുകയില്ലേ? തുടങ്ങിയ ചിന്തകളാണ് തിരമാലകൾപോലെ മനസ്സിൽ അലയടിച്ചു വരുന്നത്. പലപ്പോഴും ടീച്ചറുടെ മുമ്പിലിരുന്നു വളരെ നന്നായി പാടുന്നപാട്ടുകൾപോലും പരിഭ്രമംമൂലം മോശമായിപ്പോകാറുണ്ട്. നന്നായി പാടുന്ന കുട്ടിക്ക് യുവജനോ

ത്സവങ്ങളിലും മറ്റും പങ്കെടുക്കാൻ സാധിക്കാത്തതിന്റെ വിഷമം വീട്ടുകാർക്കുമുണ്ട്.

തന്റെ പ്രകടനത്തെക്കുറിച്ചുള്ള അമിതഉത്കണ്ഠയാണ് കുഞ്ഞുണ്ണിയുടെ പ്രശ്നം. സഭാകമ്പം എന്നു വിളിക്കുന്ന ഈ അമിത ആകാംക്ഷ കുട്ടികളുടെ കലാപരവും കായികവുമായ പ്രകടനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. ചിട്ടയായ ശ്രമങ്ങളിലൂടെ സഭാകമ്പത്തെ മറികടന്നില്ലെങ്കിൽ ഭാവിയിൽ ഇന്റർവ്യൂവിനും പരീക്ഷകൾക്കുമൊക്കെ പോകുമ്പോൾ പ്രകടനം മോശമാകാനിടയുണ്ട്.

ശരിയായ തയ്യാറെടുപ്പ് നടത്താത്തതും ആത്മവിശ്വാസക്കുറവുമാണ് പലപ്പോഴും സഭാകമ്പത്തിനു കാരണമാകുന്നത്. ഏതുകാര്യവും നന്നായി ചെയ്യുന്നതിൽ കൃത്യമായ പരിശീലനം വേണം. നേരത്തെ തന്നെ ആവശ്യമായ ഗൃഹപാഠം ചെയ്ത് ചെയ്യാൻ പോകുന്ന കാര്യം പൂർണമായും മനസ്സിലാക്കണം. പ്രസംഗവും മറ്റും കാണാതെ പഠിക്കാതെ കാര്യം മനസ്സിലാക്കി അവതരിപ്പിക്കണം. കാര്യങ്ങളെ പരസ്പരം ചങ്ങലപോലെ ബന്ധിപ്പിച്ചു മനസ്സിലാക്കുക. വലിയ വേദികളിലും സ്കൂളിലുമൊക്കെ പരിപാടികൾ അവതരിപ്പിക്കുന്നതിനുമുമ്പു വീട്ടുകാരുടെ മുമ്പിലും സുഹൃത്തുക്കളുടെ ചെറു സംഘത്തിന്റെ മുമ്പിലുമൊക്കെ പാടുന്നതും പ്രസംഗിക്കുന്നതുമൊക്കെ ആത്മവിശ്വാസം ഉയർത്തും. അത് ഒരു പരിശീലനവുമാകും. പ്രസംഗമത്സരത്തിനും മറ്റും പോകുന്നവർ കണ്ണാടിക്കു മുമ്പിൽ നിന്നു പ്രാക്ടീസ് ചെയ്യുന്നതും നല്ലതാണ്.



മത്സരത്തിൽ പങ്കെടുക്കാൻ പോകുമ്പോൾ നിശ്ചയിച്ചതിനും അരമണിക്കൂർ മുമ്പെങ്കിലും സ്ഥലത്തെത്തണം. താമസിച്ചെത്തുന്നതും വഴിയിൽ ഇടയ്ക്കുണ്ടാകാവുന്ന തടസ്സങ്ങളുമൊക്കെ അനാവശ്യമായ മാനസികപിരിമുറുക്കത്തിനു കാരണമാകും. തീരെ അയഞ്ഞതും ഇറുകിയതുമായ വസ്ത്രങ്ങൾ ധരിക്കുന്നത് ഒഴിവാക്കണം. പാകമായ സൗകര്യപ്രദമായ വസ്ത്രമായിരിക്കണം പരിപാടികൾക്കു പോകുമ്പോൾ ധരിക്കേണ്ടത്.

ഇനി മറ്റൊരു കാര്യം. അടുത്ത ദിവസം പ്രസംഗമത്സരമുണ്ടെന്നു പറഞ്ഞ് രാത്രി മുഴുവനും ഉറക്കമിളച്ചിരുന്നു പഠിക്കരുത്. സുഖമായി എട്ടുമണിക്കൂറെങ്കിലും ഉറങ്ങണം. കൊണ്ടുപോകേണ്ട സാധനങ്ങളെല്ലാം രാത്രിതന്നെ എടുത്തു വയ്ക്കണം.

സ്റ്റേജിൽ നിൽക്കുമ്പോൾ കാണികളായി ഇരിക്കുന്നവരെ സുഹൃത്തുക്കളായി കാണാൻ ശ്രമിക്കുക. അവർ നമ്മളെ വിമർശിക്കാൻ വന്നവരാണെന്നു കരുതേണ്ട. അവർ വിധികർത്താക്കളുമല്ല. അങ്ങനെ തികച്ചും ശാന്തമായി അത്മവിശ്വാസത്തോടെ പാടാനും പ്രസംഗിക്കാനും ശ്രമിക്കണം. കാണികളെ നോക്കി ഒരു ചെറുപുഞ്ചിരിയോടെ നമ്മുടെ പ്രകടനങ്ങൾ നടത്താൻ കഴിയണം.

പരിപാടിക്കായി വേദിയിലെത്തുന്നതിനു തൊട്ടുമുമ്പ് അഞ്ചുതവണ ശ്വാസം നന്നായി അകത്തേക്കും പുറത്തേക്കും വലിച്ചുവിടുന്നതു ടെൻഷൻകുറച്ച് മനസ്സിനെ സ്വസ്ഥമാക്കും. കൈകൾ ചുരുട്ടിപിടിക്കുകയും പിന്നീട് അയച്ചുവിടുകയും ചെയ്യുന്ന തരത്തിൽ കുറച്ചുനേരം സ്ട്രെച്ച്എക്സർസൈസ് ചെയ്യുന്നതും നന്നായിരിക്കും.

ടെൻഷനും സഭാകമ്പവും കുറയ്ക്കാൻ യോഗ, ധ്യാനം തുടങ്ങിയവ പരിശീലിക്കുന്നത് നല്ലതാണ്. ദിവസവും കുറച്ചുനേരം ഏതെങ്കിലും തരത്തിലുള്ള കായികവിനോദങ്ങളിൽ ഏർപ്പെടണം.

ആരോഗ്യമുള്ള ശരീരത്തിലല്ലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ.

കവി ഡി വിനയചന്ദ്രൻ പുനരാഖ്യാനം ചെയ്ത രണ്ടു നാടോടിക്കഥകൾ

# കുരങ്ങുകൾ മരങ്ങളിൽ കഴിയുന്നതെന്തുകൊണ്ട്

ഒരു നാൾ കാട്ടുപൂച്ച ഇര തേടി ഇറങ്ങി. ഒന്നും തടഞ്ഞില്ല. അവശനായി അവൻ ഒരിടത്തിരുന്നു. എന്നാൽ ചെള്ളുകൾ അവനെ ശല്യം ചെയ്തുകൊണ്ടിരുന്നു. ആ വഴി കടന്നുപോയ ഒരു കുരങ്ങനെ കണ്ട് അവൻ അപേക്ഷിച്ചു: ‘‘എങ്ങനെയെങ്കിലും ഒന്നു സഹായിക്കണം.’’

കുരങ്ങു സമ്മതിച്ചു. കുരങ്ങ് ചെള്ളുകളെ എടുത്തു കളഞ്ഞുകൊണ്ടിരുന്നപ്പോൾ കാട്ടുപൂച്ച ഉറങ്ങിപ്പോയി. വിരുതൻ കുരങ്ങ് പൂച്ചയുടെ വാൽ ഒരു വൃക്ഷത്തേൽ കെട്ടിയിട്ട് സ്ഥലം വിട്ടു.

കാട്ടുപൂച്ച ഉണർന്നപ്പോൾ കെട്ടപ്പെട്ടിരിക്കയാണെന്നു മനസ്സിലായി. എങ്ങോട്ടും പോകാനാവാതെ കുഴങ്ങിയിരിക്കുമ്പോൾ ഒരു ആമ അതു വഴി ചെന്നു. അതിനോട് കാട്ടുപൂച്ച കെഞ്ചി. ‘‘എന്റെ കെട്ട് ഒന്നഴിക്കൂ.’’

ആമ പറഞ്ഞു. ‘‘നീ സ്വതന്ത്രനാകുമ്പോൾ എന്നെ കൊല്ലുകയില്ലെന്ന് ഉറപ്പു നൽകണം.’’

കാട്ടുപൂച്ച പറഞ്ഞു. ‘‘ഇല്ല. ഞാൻ ഒരു ഉപദ്രവവും ചെയ്യില്ല.’’

അങ്ങനെ ആമ കാട്ടുപൂച്ചയെ സ്വതന്ത്രനാക്കി. അവൻ വീട്ടിൽ ചെന്ന് വേണ്ടപ്പെട്ടവരോടു പറഞ്ഞു: ‘‘ഇന്നേക്ക് അഞ്ചു നാൾ ആകുമ്പോൾ ഞാൻ മരിച്ചുപോയെന്നും എന്നെ അടക്കം ചെയ്യാൻ പോവുകയാണെന്നും എല്ലാവരോടും പറയണം.’’

അഞ്ചാം നാൾ ചത്തതായി നടിച്ച് കാട്ടുപൂച്ച കിടന്നു. കുരങ്ങ് ഉൾപ്പെടെയുള്ള എല്ലാ ജന്തുക്കളും ചുറ്റും കൂടി തുള്ളിക്കളിച്ചു. പൊടുന്നനെ കാട്ടുപൂച്ച ചാടി എഴുന്നേറ്റ് കുരങ്ങനെ ഓടിച്ചു. കുരങ്ങ് ചടപടാന്ന് ചാടി ഒരു മരത്തിന്റെ മണ്ടയിൽ കയറി രക്ഷപ്പെട്ടു. പിന്നെ ഇന്നോളം കുരങ്ങ് തരുശിഖരങ്ങളിൽ ആണ് പാർക്കുന്നത്. കാട്ടുപൂച്ചയെ പേടിച്ച് താഴേക്കു വരാറില്ല.



വര: സചീന്ദ്രൻ കാറഡ്ക്ക

# എലിയുടെ കല്യാണം



ഒരിടത്ത് സുമുഖനായ ഒരു വെളുത്ത എലി ജനിച്ചു. അവൻ വളർന്നപ്പോൾ മുഖത്തിന്റെ അഴകു വർധിച്ചു. ശുദ്ധവെണ്മയുടെ തിളക്കം വന്നു. അവന്റെ രീതികൾ വളരെ കുലീനമായിരുന്നു.

അവനു പറ്റിയ ഒരു വധുവിനെ എവിടെ നിന്നു കണ്ടുപിടിക്കുമെന്ന് ബന്ധുക്കൾ അങ്കലാപ്പിലായി. ഒടുവിൽ അവനു പറ്റിയ പെണ്ണ് ദൈവത്തിന്റെ കുടുംബത്തിലേ കാണൂ എന്നു നിശ്ചയിച്ച് ബന്ധുക്കൾ ഏതാനുംപേരെ ദൗത്യം ഏൽപ്പിച്ച് ദൈവത്തിന്റെ അടുത്തേക്ക് അയച്ചു.

അവർ ദൈവത്തിന്റെ ഭവനത്തിനു മുമ്പിൽ എത്തി. നിങ്ങൾ എന്താ അവിടെ നിൽക്കുന്നത്? അകത്തുവരാം എന്ന സൂചനയിൽ ദൈവം ചോദിച്ചു. അവർ വീടിനകത്തു പ്രവേശിച്ചു പറഞ്ഞു. ''ഞങ്ങളുടെ സുമുഖനായ യുവാവിനു പറ്റിയ ഒരു വധു അങ്ങയുടെ കുടുംബത്തിലേ കാണൂ എന്നാണ് ഞങ്ങളുടെ അഭിപ്രായം.''

ദൈവം ഒന്നു പുഞ്ചിരിച്ചു. എന്നിട്ട് അവരോട് പറഞ്ഞു. ''നിങ്ങൾ ചിന്തിക്കുന്ന അത്ര ശക്തനും ബഹുമാന്യനും അല്ല ഞാൻ. എന്നേക്കാൾ ശക്തൻ കാറ്റാണ്. അയാൾ ഭൂമിയെ വീണ്ടുംവീണ്ടും അടിച്ചു പൊടിപടലം ഉയർത്തുന്നു. എന്റെ കണ്ണിൽക്കൂടി പലപ്പോഴും പൊടി അടിച്ചു കടത്തുന്നു.''

ആ നിർദേശം മാനിച്ച് അവർ ദൗത്യവുമായി കാറ്റിന്റെ സദനത്തിൽ എത്തി. കാറ്റും ഉപചാരപൂർവം കാര്യങ്ങൾ അന്വേഷിച്ച് അവർ ചെന്നത് എന്തിനാണെന്നു മനസ്സിലാക്കി. എന്നിട്ടു പറഞ്ഞു: ''നിങ്ങൾ വന്നതു നന്നായി. എന്നാൽ എന്നേക്കാൾ കരുത്തനും കുലീനനും പർവതമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നും ഒരു വധുവായിരിക്കും നിങ്ങളുടെ സുന്ദരനായ ചെറുക്കന് യോജിക്കുക. ഞാൻ എത്രതവണ ആഞ്ഞാഞ്ഞു വീശിയിട്ടും പർവതത്തിന് ഒരു കുലുക്കവും ഇല്ല.''

കാറ്റിന്റെ അഭിപ്രായം വകവച്ച് ദൗത്യസംഘം പർവതത്തിൽ എത്തി. പർവതം കുശലം ചോദിച്ചു: ''നിങ്ങൾ എന്താ വന്നത്. എല്ലാവർക്കും സുഖം ആണോ? കന്നുകാലികൾ എല്ലാം നന്നായിരിക്കുന്നോ?''

എല്ലാം നല്ല നിലയിൽത്തന്നെ എന്നു ധരിപ്പിച്ച് അവർ പറഞ്ഞു: ''ഞങ്ങളുടെ വെളുത്ത സുഭഗനായ യുവാവിനു പറ്റിയ ഒരു വധു ഇവിടെ ഉണ്ടാകുമെന്നു കരുതുന്നു.''

പർവതം അൽപ്പം ഒന്നാലോചിച്ചു പറഞ്ഞു: ''എന്നേക്കാൾ ശക്തനും വമ്പനുമായി വേറൊരുത്തൻ ഉണ്ട് അവൻ എന്നെ ഇളക്കിമറിക്കുകയും എന്നിൽ കുഴിതോണ്ടുകയും എന്റെ കായ്കനികൾ കരണ്ടുതിന്നുകയും ചെയ്യുന്നു. അയാളുടെ കുടുംബം ദാ അവിടെയാണ്.''

അത് എലികളുടെ ആവാസസ്ഥലം ആയിരുന്നു. ഒടുവിൽ ദൗത്യസംഘം അവിടെ എത്തി പറഞ്ഞു: ''ഞങ്ങൾ വന്നിരിക്കുന്നത് ഞങ്ങളുടെ സുന്ദരന്മാരിൽ സുന്ദരനായ ചെറുക്കന് ഒരു പെണ്ണിനെ അന്വേഷിച്ചാണ്.''

മൂഷികകുടുംബം പറഞ്ഞു: ''നിങ്ങൾക്കു സ്വാഗതം അവനുപറ്റിയ വധു ഇവിടെ ഉണ്ട്.''

അങ്ങനെ എലി എലിയെ തന്നെ വിവാഹം ചെയ്തു കഴിഞ്ഞു.

*(കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച* ആഫ്രിക്കൻ നാടോടിക്കഥകൾ *എന്ന പുസ്തത്തിൽനിന്നും എടുത്തത്.)*

Little
STAR
Saving Deposit Scheme

SBT Introduces a Single Scheme for

# Different Dreams!



Children upto 18 years in their own name or with parents

SBT
A Long Tradition of Trust

**STATE BANK OF TRAVANCORE**

www.statebankoftravancore.com

www.facebook.com/statebankoftravancore

YouTube www.youtube.com/user/sbtofficialchannel

* Terms and conditions apply

# തീക്കളി

**മണി കെ ചെന്താപ്പൂര്**



തീകാണുമ്പോളുണ്ണിക്ക്
തീയിൽ ചെന്നു
പിടിക്കേണം.
പുഴകാണുമ്പോളുണ്ണിക്ക്
പുഴയിൽ ചാടി രസിക്കേണം.
അമ്മ പറഞ്ഞു
തീ പൊള്ളും.
അച്ഛൻ ചൊന്നൂ
പുഴ കൊല്ലും.
ഉണ്ണിയതൊന്നും കേട്ടീല
പിന്നവരൊന്നും മിണ്ടീല.
തീയിൽ തൊട്ടൂ കൈപൊള്ളി
തീ കണ്ടാലുണ്ണിയിന്നോടുന്നു.
പുഴയിൽ ചാടീ വയർ വീർത്തു
പുഴവക്കത്തും പോകാതായ്!







വര: സചീന്ദ്രൻ കാറഡ്ക്ക

ക്ലാസിക് പരിചയം




# വൃത്താന്ത പത്രപ്രവർത്തനം

**ഡോ. പി കെ രാജശേഖരൻ**

ഇന്നും അത്ഭുതമാണ് ആ പുസ്തകം – സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള എഴുതിയ 'വൃത്താന്തപത്ര പ്രവർത്തനം'.

മലയാളത്തിൽ ഒരുപാടു പത്രങ്ങളൊന്നുമില്ലാതിരുന്ന കാലത്ത് പത്രപ്രവർത്തനത്തിന്റെ നാനാവശങ്ങളും വിശദീകരിച്ചുകൊണ്ടു രചിച്ച 'വൃത്താന്തപത്രപ്രവർത്തനം' ഇന്നും മൂല്യം കുറയാതെ നിൽക്കുന്നു. പത്രപ്രവർത്തകർക്കും പത്രപ്രവർത്തകരാവാൻ ആഗ്രഹിക്കുന്നവർക്കും ജേണലിസം പഠിക്കുന്നവർക്കും മാത്രമല്ല പൊതുജനങ്ങൾക്കും വഴികാട്ടിയാണ് ആ ഗ്രന്ഥം.

1912 ൽ പ്രസിദ്ധീകരിച്ച 'വൃത്താന്തപത്രപ്രവർത്തന'ത്തിന് നൂറുവയസ്സു കഴിഞ്ഞെങ്കിലും സ്വദേശാഭിമാനി അവതരിപ്പിച്ച ആശയങ്ങൾക്ക് ഇപ്പോഴും ചെറുപ്പമാണ്. സത്യസന്ധത, ആത്മാർത്ഥത, നീതിബോധം, ഭാഷാശുദ്ധി, നിഷ്കപടത, മൂല്യബോധം തുടങ്ങിയവയെപ്പറ്റി ഓർമിപ്പിക്കുന്ന ആ ഗ്രന്ഥം നമ്മുടെ പത്രപ്രവർത്തനത്തിന്റെയും പത്രഭാഷയുടെയും ജീവിതത്തിന്റെയും ഭൂതകാലത്തിലേക്കു വെളിച്ചം വീശുന്നു.

തിരുവിതാംകൂറിലെ രാജഭരണത്തിൽ നിലനിന്നിരുന്ന ഉദ്യോഗസ്ഥ ദുഷ്ഭരണത്തെയും ജനവിരുദ്ധനടപടികളെയും സ്വദേശാഭിമാനിപത്രത്തിലൂടെ വിമർശിച്ചതിനു നാടുകടത്തപ്പെട്ട പത്രാധിപരാണ് കെ രാമകൃഷ്ണപിള്ള. 1910 സെപ്തംബർ 26 ന് അദ്ദേഹത്തെ തിരുവനന്തപുരത്തുനിന്ന് അറസ്റ്റു ചെയ്ത് തിരുവിതാംകൂറിന്റെ തെക്കേ അതിർത്തിയായ ആരുവാമൊഴിച്ചുരം (ഇന്നു തമിഴ്നാട്ടിലാണ് ഈ പ്രദേശം) കടത്തിവിട്ടു. അതിനപ്പുറം അന്ന് ബ്രിട്ടീഷ് ഭരണപ്രദേശങ്ങളായിരുന്നു.

കഷ്ടപ്പാടുകൾ സഹിച്ച് ചെന്നൈയിലും അവിടെനിന്ന് പാലക്കാട്ടും കണ്ണൂരുമെത്തിയ രാമകൃഷ്ണപിള്ള പിന്നീട് ആറുവർഷം കൂടിയേ ജീവിച്ചുള്ളൂ. 1916 മാർച്ച് 28ന് കണ്ണൂരിൽ മുപ്പത്തെട്ടാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഐതിഹാസികമായിരുന്നു ആ ജീവിതം. ഹ്രസ്വമെങ്കിലും അർത്ഥദീർഘം. പത്രസ്വാതന്ത്ര്യത്തിന്റെയും അഭിപ്രായ ധീരതയുടെയും പ്രതീകമായി ആ പത്രാധിപരെ ഇന്നും നാം സ്മരിക്കുന്നു.

നാടുകടത്തപ്പെട്ട് പാലക്കാട്ടു താമസിക്കുമ്പോഴാണ് രാമകൃഷ്ണപിള്ള 'വൃത്താന്തപത്രപ്രവർത്തനം' എഴുതിയത്. 1911 ജൂലൈ 28നു തുടങ്ങിയ പുസ്തകം ആഗസ്റ്റ് 15ന് എഴുതി

ത്തീർത്തു. രാജ്യഭ്രഷ്ടനായിക്കഴിയുന്ന അദ്ദേഹത്തിന് പുസ്തകം പ്രസിദ്ധീകരിക്കാനുള്ള സാമ്പത്തികശേഷി ഉണ്ടായിരുന്നില്ല. മലേഷ്യയിൽ കഴിഞ്ഞിരുന്ന സ്വരാജ്യാഭിമാനികളായ മലയാളികളാണ് പുസ്തകം അച്ചടിക്കാനുള്ള പണംനൽകിയത്. ഇന്നത്തെപ്പോലെ ലക്ഷക്കണക്കിനു പ്രതികൾ ചെലവാകുന്ന പത്രങ്ങളും മാസികകളും വർണത്തിലുള്ള അച്ചടിയുമൊന്നുമുണ്ടായിരുന്നില്ല അന്ന്. സാക്ഷരരുടെയും പത്രം വായിക്കുന്നവരുടെയും എണ്ണവും കുറവായിരുന്നു. റേഡിയോയും ടെലിവിഷനുമൊന്നും ഉണ്ടായിട്ടില്ലാത്ത കാലം. മോട്ടോർകാറുകൾ അത്യപൂർവമായിരുന്ന അന്ന് തെരുവുകളിൽ കുതിരവണ്ടികളായിരുന്നു പതിവ്.

ആ വിദൂരഭൂതകാലത്തും പത്രങ്ങൾക്കു ശക്തിയുണ്ടായിരുന്നു. അവയിൽ പലതും ഭരണാധികാരികളുടെ ജനവിരുദ്ധമായ നടപടികൾക്കും പൊതുരംഗത്തെ അഴിമതികൾക്കുമെതിരെ നിർദ്ദയം എഴുതി. ജനാധിപത്യവും പൗരാവകാശങ്ങളുമൊന്നുമില്ലാതിരുന്ന അക്കാലത്ത് അപകടകരമായ തൊഴിലായിരുന്നു പത്രപ്രവർത്തനം. നിർഭയവും സത്യസന്ധവുമായ പത്രപ്രവർത്തനത്തിന്റെ വഴിയാണ് രാമകൃഷ്ണപിള്ള തിരഞ്ഞെടുത്തത്. പത്രപ്രവർത്തനം പാഠ്യവിഷയമായിട്ടില്ലാത്ത ഒരു നൂറ്റാണ്ടുമുമ്പ് ആ തൊഴിൽ ഭംഗിയായി ചെയ്യണമെങ്കിൽ ഒരു പാഠപുസ്തകവും വഴികാട്ടിയും വേണമെന്ന് രാമകൃഷ്ണപിള്ളയ്ക്കു തോന്നിയതിന്റെ ഫലമാണ് 'വൃത്താന്തപത്രപ്രവർത്തനം'. പന്ത്രണ്ട് അധ്യായങ്ങളുണ്ടിതിൽ, 'പത്രപ്രവർത്തനത്തൊഴിൽ', 'വിശേഷയോഗ്യതകൾ', 'വൃത്താന്താഖ്യാനം', 'ഖണ്ഡലേഖനം- ഒന്ന്', 'ഖണ്ഡലേഖനം-രണ്ട്', 'അച്ചടിക്കാര്യവിവരം', 'കോടതികൾ', 'മഹാജനയോഗങ്ങൾ', 'വർണനം', 'വിമർശനം', 'സംവാദം: കഥയെഴുത്ത്' 'പത്രപ്രസാധനം', 'പലവക' എന്നീ അധ്യായങ്ങളിലൂടെ റിപ്പോർട്ടിങ്, എഡിറ്റിങ്, ലേ-ഔട്ട്



തുടങ്ങിയ സാങ്കേതികകാര്യങ്ങളും പത്രപ്രവർത്തകരും പ്രസാധകരും പാലിക്കേണ്ട ധാർമികമര്യാദകളും രാമകൃഷ്ണപിള്ള വിവരിക്കുന്നു.

ഇംഗ്ലീഷ്‌വാക്കുകൾ വാരിനിറച്ച് എഴുതുന്നതിനു പകരം അവയ്ക്കു തുല്യമായ നല്ല മലയാളപദങ്ങൾ കണ്ടെത്തണമെന്ന് ആഹ്വാനം ചെയ്ത 'വൃത്താന്തപത്രപ്രവർത്തനം' തെളിഞ്ഞ മലയാളഭാഷയ്ക്കുവേണ്ടി വാദിച്ച ആദ്യഗ്രന്ഥങ്ങളിലൊന്നുമാണ്. മഹാനായ ആ പത്രാധിപർ ഒരു നൂറ്റാണ്ടുമുമ്പ് തന്റെ പത്രഭാഷാനയം ഇങ്ങനെയാണു വെളിപ്പെടുത്തിയത്: 'പത്രാധിപക്കുറിപ്പെഴുതുന്നവർ ഓർമവയ്ക്കേണ്ടതായ മുഖ്യകാര്യം തങ്ങളുടെ ശബ്ദപ്രളയംകൊണ്ട് വായനക്കാരെ ഉപദ്രവിക്കരുതെന്നതാണ്. ഒരു സംഗതിയെക്കുറിച്ച് പത്രാധിപക്കുറിപ്പെഴുത്തുകാരന്റെ അഭിപ്രായങ്ങളെ വായനക്കാരുടെ ഉള്ളിൽ ഫലിപ്പിക്കാൻ വേണ്ടി മാത്രം ആവശ്യമുള്ള വാക്യങ്ങളേ ഉപയോഗിക്കാവൂ. ചിലപ്പോൾ യുക്തിപദങ്ങളെമാത്രം പ്രതിപാദിച്ചാൽ മതിയാകും. അനുമാനം വായനക്കാർക്കു സുഗമമാണെങ്കിൽ ആ പ്രവൃത്തി പത്രാധിപക്കുറിപ്പുകാരൻ ചെയ്യേണ്ടതില്ല. ആരോഗ്യവാനായി ഇരിക്കുന്ന ഒരുവനു ചോറും കറിയും വിളമ്പിക്കൊടുത്താൽ മതി, അവൻ ഉരുളയാക്കി ഉണ്ടുകൊള്ളും.'' പത്രഭാഷയ്ക്കു മാത്രമല്ല സാഹിത്യഭാഷയ്ക്കും ബാധകമാണ് ഈ നിയമം.

ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും 'വൃത്താന്തപത്രപ്രവർത്തനം' സമാനതകളില്ല പത്രപ്രവർത്തനപാഠപുസ്തകമായി നിലനിൽക്കുന്നു. പത്രപ്രവർത്തനത്തിലേക്കു നീങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത വേദപുസ്തകമാണത്.

*വൃത്താന്തപത്രപ്രവർത്തനം എന്ന പുസ്തകം തികച്ചും സൗജന്യമായി വിക്കിഗ്രന്ഥശാലയുടെ സൈറ്റിൽനിന്നും വായിക്കാം. വിലാസം*

*https://ml.wikisource.org/wiki/Vrithantha_Pathra_Pravarthanam*

# മഹാഭാരതം

സുഗതകുമാരി

യക്ഷൻ: 'ഭൂമിയെക്കാൾ കനപ്പെട്ടതെന്ത്? സ്വർഗത്തെക്കാൾ ഉയർന്നതെന്ത്? കാറ്റിനെക്കാൾ വേഗമേറിയതെന്ത്? പുല്ലിനെക്കാൾ വർധിക്കുന്നതെന്ത്?'

യുധിഷ്ഠിരൻ: 'ഭൂമിയെക്കാൾ കനപ്പെട്ടത് അമ്മ. സ്വർഗത്തെക്കാൾ ഉയർന്നത് അച്ഛൻ. കാറ്റിനെക്കാൾ വേഗമേറിയതു മനസ്സ്. പുല്ലിനെക്കാൾ വളരുന്നത് ചിന്ത.'

യക്ഷൻ: 'സ്വപ്നത്തിൽ കണ്ണടയ്ക്കാത്തതെന്ത്? ജനിച്ചാൽ വളരാത്തതെന്ത്? കരളില്ലാത്തതെന്ത്? വേഗംകൊണ്ടു വളരുന്നതെന്ത്?'

യുധിഷ്ഠിരൻ: 'സ്വപ്നത്തിൽ കണ്ണടയ്ക്കാത്തതു മത്സ്യം, ജനിച്ചതിനുശേഷം വളരാത്തത് മുട്ട. കല്ലിനു കരളില്ല. വേഗംകൊണ്ടു വളരുന്നത് നദി.'

യക്ഷൻ: 'അന്യനാട്ടിൽ ആരാണു മിത്രം? ഗൃഹസ്ഥനു മിത്രമാര്? രോഗിക്കു മിത്രമാര്? മരിക്കാൻപോകുന്നവനു മിത്രമാര്?'

യുധിഷ്ഠിരൻ: 'നാടുവിടുന്നവന് കൂട്ടു നൽകുന്നയാൾ മിത്രം, ഗൃഹസ്ഥനു ഭാര്യ മിത്രം, രോഗിക്ക് വൈദ്യൻ മിത്രം, മരിക്കുന്നവനു ദാനധർമങ്ങളാണു മിത്രം.'

ഈ വിധമുള്ളവയും അതീവ സങ്കീർണ്ണങ്ങളുമായ നിരവധി ചോദ്യങ്ങൾ യക്ഷൻ ഉന്നയിച്ചു. വേദവേദാന്തങ്ങളുടെയും ധർമശാസ്ത്രത്തിന്റെയും നീതിശാസ്ത്രത്തിന്റെയും ആഴംതേടിയുള്ള ആ ചർച്ച ഏറെനേരം നീണ്ടുനിന്നു. ഒടുവിൽ യക്ഷൻ ചോദിച്ചു. 'ഈ ലോകത്തെ ഏറ്റവും വലിയ ആശ്ചര്യമെന്താണ്?'

യുധിഷ്ഠിരൻ: 'എന്നും ഓരോരുത്തർ മരിക്കുന്നതു കണ്ടിട്ടും താൻ ഈ ഭൂമിയിൽ സ്ഥിരമായി ജീവിക്കുമെന്നമട്ടിലത്രേ ഓരോ മനുഷ്യനും കഴിയുന്നത്. ഇതത്രേ ഏറ്റവും വലിയ ആശ്ചര്യം.' ഈവിധമുള്ള നിരവധി ചോദ്യോത്തരങ്ങൾക്കു ശേഷം പ്രീതനായ യക്ഷൻ പറഞ്ഞു. 'യുധിഷ്ഠിര, എന്റെ ചോദ്യങ്ങൾക്കെല്ലാം നീ ശ്രേഷ്ഠങ്ങളായ ഉത്തരങ്ങൾ നൽകി. അതിനാൽ ഞാൻ നിന്നിൽ പ്രസന്നനായിരിക്കുന്നു. ഇതാ ഞാൻ നിനക്കൊരു വരം നൽകാം, നിന്റെ അനുജന്മാരിൽ ഒരുവനെ ഞാൻ ജീവിപ്പിച്ചു തരാം. ആരെ വേണം? നിശ്ചയിച്ചുകൊള്ളൂ.'

'നകുലനെ' എന്ന യുധിഷ്ഠിരന്റെ ഉത്തരം കേട്ട് അദ്ഭുതത്തോടെ യക്ഷൻ ചോദിച്ചു. 'എന്ത്? ഭീമകർമാവായ ഭീമസേനനെയോ വിശ്വവീരനും പ്രിയതരനുമായ അർജുനനെയോ ജീവിപ്പിക്കാൻ നീ പറയാത്തതെന്ത്?'

യുധിഷ്ഠിരൻ പറഞ്ഞു. 'എന്റെ അമ്മ കുന്തീദേവിക്ക് ഞാൻ എന്ന ഒരു മകൻ ജീവിച്ചിരിപ്പുണ്ട്. അമ്മ മാദ്രിയുടെ രണ്ടു പുത്രന്മാരിൽ ഒരുവൻ അതിനാൽ ജീവിച്ചിരിക്കണം എന്നതത്രേ ന്യായം.'

യക്ഷൻ അതീവപ്രസന്നനായി. 'യുധിഷ്ഠിരാ, നീ ധർമമൂർത്തി തന്നെ. നകുലനെ മാത്രമല്ല, നിന്റെ എല്ലാ സഹോദരന്മാരെയും ഇതാ ഞാൻ ജീവിപ്പിക്കുന്നു.'

## ധർമ്മപരീക്ഷണം

(തുടർച്ച)

ഉറക്കത്തിൽ നിന്നെണീറ്റതുപോലെ നാലു പാണ്ഡവന്മാരും ഉണർന്നെഴുന്നേറ്റു. അവർ ജ്യേഷ്ഠനായ യുധിഷ്ഠിരനെയും അരികിൽ ഒറ്റക്കാലിൽ നിൽക്കുന്നൊരു പെരുംകൊക്കിനെയും കണ്ട് ആശ്ചര്യമാർന്നു. യുധിഷ്ഠിരൻ കൈകൂപ്പി ചോദിച്ചു. 'മഹാത്മൻ, അവിടുന്നാരാണ്? സാക്ഷാൽ ദേവവേന്ദ്രനോ? രുദ്രന്മാരിൽ ഒരുവനോ? അവിടുന്ന് ഞങ്ങൾക്ക് രണ്ടാം ജന്മം നൽകിയതിനാൽ ഞങ്ങൾക്ക് അച്ഛനു തുല്യനായിത്തീർന്നിരിക്കുന്നു.'

യക്ഷൻ പ്രസന്നഭാവേന പറഞ്ഞു. 'ഉണ്ണീ, ഞാൻ നിന്റെ അച്ഛൻ തന്നെയാണ്. ധർമരാജാവായ യമനാണു ഞാൻ. നിന്റെ അഗാധമായ ജ്ഞാനത്തിലും ധർമത്തിലും ഞാൻ പ്രസന്നനായിരിക്കുന്നു. ഇഷ്ടമുള്ള ഒരു വരം നീ വരിച്ചുകൊള്ളുക.'

യുധിഷ്ഠിരൻ തന്റെ ജനനത്തിനു കാരണമായ ആ ദേവനെ നമസ്കരിച്ചുകൊണ്ടു പറഞ്ഞു.

'ഭഗവൻ, അരണിക്കൂട്ടം നഷ്ടപ്പെട്ട ആ ബ്രാഹ്മണന് പൂജ മുടങ്ങിയതിനാൽ വിഷമമൊന്നുമുണ്ടാകരുത്. ഇതത്രേ എനിക്കു വേണ്ട വരം.'

ഇതുകേട്ട് ധർമദേവൻ ഏറെ സന്തുഷ്ടനായി. 'അങ്ങനെയാവട്ടെ, ആ ബ്രാഹ്മണന്റെ അരണിക്കോലുകൾ എടുത്തു മറഞ്ഞതു ഞാനാണ്, മാനല്ല. നിന്നെ ഇവിടെ വരുത്തുവാൻ വേണ്ടിയാണു ഞാനതു ചെയ്തത്– മകനേ, ശുഭമായ ഒരു വരംകൂടി വരിക്കുക.'

യുധിഷ്ഠിരൻ കൈകൂപ്പിനിന്നു പറഞ്ഞു. 'ഞങ്ങളുടെ വനവാസകാലം തീർന്നു വരികയാണ്. ഒരു വർഷം ആരുമറിയാതെ ഏതെങ്കിലും ദിക്കിൽ അജ്ഞാതവാസം നടത്തേണ്ടിയിരിക്കുന്നു. ആ കാലഘട്ടത്തിൽ ആരും ഞങ്ങളെ തിരിച്ചറിയാതിരിക്കണേ.'

യമൻ പറഞ്ഞു. 'ഉണ്ണീ, നിങ്ങളെ അജ്ഞാതവാസകാലത്ത് ആരും തിരിച്ചറിയാതിരിക്കാൻ ഞാനിതാ വരം നൽകുന്നു. നിങ്ങൾ സമയമെത്തുമ്പോൾ വിരാടരാജ്യത്തുപോയി വസിക്കുവിൻ. ഇതാ അരണിക്കൂട്ടം! ബ്രാഹ്മണനു നൽകുക. പുത്രാ, ഒരു വരംകൂടി ചോദിച്ചുകൊള്ളൂ. നിനക്കുവരം നൽകിയിട്ടു മതിയാകുന്നില്ലെനിക്ക്.'

യുധിഷ്ഠിരൻ പറഞ്ഞു. 'ഭഗവാനേ, നിത്യനും ദേവദേവനുമായ അവിടുത്തെ എനിക്കു കാണുവാൻ കഴിഞ്ഞുവല്ലോ. അതുകൊണ്ടു മനംനിറഞ്ഞുകഴിഞ്ഞു. എങ്കിലും പിതാവേ, അങ്ങു വീണ്ടും നൽകുന്ന വരം ഇതാകട്ടെ. എന്റെയുള്ളിൽ ലോഭവും മോഹവും ക്രോധവും ഉണ്ടാകാതെയിരിക്കണം– ദാനം, തപസ്സ്, സത്യം ഇവ ഉള്ളിൽ വിളങ്ങണം. അതിനായി അനുഗ്രഹിച്ചാലും.'

'ആ ഗുണങ്ങളെല്ലാം നിന്നിൽ ഇപ്പോൾ തന്നെയുണ്ടല്ലോ ധർമപുത്രാ. അവ കൂടുതൽ വിളങ്ങുമാറാവട്ടെ.'

വീണു നമസ്കരിക്കുന്ന പാണ്ഡവരുടെ മുന്നിൽ അനുഗ്രഹഹസ്തമുയർത്തി ധർമദേവൻ മറഞ്ഞു. അരണിക്കൂട്ടവുമായി സന്തുഷ്ടരായ പാണ്ഡവസഹോദരന്മാർ ആശ്രമത്തിലേക്കും മടങ്ങി.

*(തുടരും)*



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## വർണരാവിനോട്

**നഷീദ തസ്നി,**
**ക്ലാസ്സ് 9 ഐ,**
**എ കെ എം എച്ച് എസ് എസ്, കോട്ടൂർ.**

പൊഴിയുമാ മുറ്റത്തെ
വിടരുമാ പൂവിന്റെ
പുതുമണം പകരുന്ന
വർണരാവേ...

കളകളം പാടുന്ന
അരുവികൾ തേടുന്ന
മുകിലുകൾ എങ്ങുപോയ്
നീയറിഞ്ഞോ?


മയിലുകൾ ആടുന്ന
കുയിലുകൾ പാടുന്ന
ഹരിതവൃന്ദാവനം
എങ്ങുപോയി?

തത്തകൾ പാറുന്ന
തവളകൾ കരയുന്ന
നെൽവയലെങ്ങുപോയ്
നീയറിഞ്ഞോ?

ഇനിയും വരിക നീ
പരിമളം ചാർത്തിയെൻ
മൺകുടിലോരത്ത്
വർണരാവേ...
നീ മാത്രമകലല്ലേ
നറുനിലാവേ....



വര: ഗോപു പട്ടിത്തറ



ഗോകുൽ പി,
ക്ലാസ്സ് 6 ,
സെന്റ് മേരീസ് സ്കൂൾ,
പട്ടം, തിരുവനന്തപുരം.



# ചിത്രശലഭം

അരുൺ ബാബു,
ക്ലാസ്സ് 8 ബി,
സെയ്ന്റ് എഫ്രേംസ് ഹൈസ്കൂൾ,
ചിറക്കടവ്, കോട്ടയം.

ചിത്രമനോഹരി സുന്ദരി നീ
വിണ്ണിലെ വീട്ടിലെ രാജകന്യ
വർണച്ചിറകുള്ള മാലാഖയാം നിന്നെ
കാണുവാൻ കണ്ണിന് ഇമ്പമാണേ.

ചിത്രശലഭമേ, നീയെവിടെ
പോകുന്നൂ? കണ്ണിമചിമ്മിടാതെ
നിന്നെയൊരുനോക്കുകാണുവാനായ്
കണ്ണുകൾക്കിപ്പോഴും വെമ്പലാണേ.

പോകല്ലേ, നിൽക്കൂ നീ മാലാഖേ
ഒന്നു തൊടട്ടെ ഞാൻ നിൻ ചിറകിൽ
നീ വരുമോ വീണ്ടുമെന്നരികത്തിനി
നീ തരുമോ ഒരു കുഞ്ഞുമ്മ?



# വെള്ളം ചോരാത്ത വല!!

അരവിന്ദ് ഗുപ്ത


ഒരു ഗ്ലാസും വലയും ഉപയോഗിച്ച് ഒരു ശാസ്ത്ര പരീക്ഷണം ചെയ്താലോ.




**ആവശ്യമുള്ള സാധനങ്ങൾ**

- ചെറുകണ്ണികളുള്ള വലയുടെ ഒരു കഷണം (പഴയ കൊതുകുവല മുറിച്ചെടുത്ത് ഉപയോഗിക്കാം)
- ഗ്ലാസ്
- റബർ ബാൻഡ്
- പ്ലാസ്റ്റിക് അടപ്പ്

എന്തുകൊണ്ടായിരിക്കും വെള്ളം താഴെപ്പോവാത്തത്? എന്തു പ്രതിഭാസമാണ് ഇവിടെ വെള്ളത്തെ താങ്ങി നിർത്തുന്നത്? വലിപ്പം കൂടിയത ും കുറഞ്ഞതുമായ കണ്ണികളുള്ള വലകൾ ഉപയോഗിച്ച് പരീക്ഷണം ആവർത്തിച്ചുനോക്കൂ. എന്നിട്ട് തളിരിനെഴുതൂ.



1 ഗ്ലാസിനു മുകൾഭാഗം വല കൊണ്ടു മൂടുക. ഗ്ലാസിനുള്ളിലേക്ക് വെള്ളമൊഴിക്കുക. (നിറമുള്ള വെള്ളം കൂടുതൽ അനു യോജ്യമായിരിക്കും)




2 റബർബാൻഡ് ഉപയോ ഗിച്ച് വലയെ ഗ്ലാസിനു മുകളിൽ ഉറപ്പിക്കുക.



3 മുകളറ്റം വരെ വെള്ളം നിറച്ചശേഷം ഒരു പ്ലാസ്റ്റിക് അടപ്പുപയോഗിച്ച് ഗ്ലാസ് മൂടാം. ഇനി അടപ്പ് മാറ്റാതെ ഗ്ലാസ് തല കീഴായി കമഴ്ത്തുക.




4 അടപ്പിൽനിന്നും കൈയെടുത്തോളൂ. അടപ്പ് താഴെപ്പോവില്ല!



5 ഇനി പതിയെ ഈ അടപ്പ് നിരക്കിമാറ്റാം. വെള്ളം അല്പംപോലും താഴെ പ്പോവാതെ വല താങ്ങിനിർ ത്തിയിരിക്കുന്നതു നോക്കൂ! ഗ്ലാസിൽ കുറച്ചുമാത്രം വെള്ള മെടുത്തും ഇതേ പരീക്ഷണം ആവർത്തിക്കാം.









Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

ഭരണിക്കാവ് കൃഷ്ണൻ

a കൊണ്ട് പശുവിനെയും
ര കൊണ്ട് ആടിനെയും വരയ്ക്കാം.





**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 December **2015**
Regd KL/TV (N)/399/2015-2017 Published on 29-11-2015 Vol:21, Issue:12, ₹15

കുഞ്ഞുകൂട്ടുകാർക്കായി
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുമയാർന്ന സമ്മാനം

മിഠായി
കുട്ടിപ്പാട്ടുകൾ

ഒപ്പം പ്രമുഖ ഗായകർ ആലപിച്ച ഓഡിയോ സിഡിയും




മലയാളഭാഷയുടെ ഓജസ്സും ചന്തവും
തുളുമ്പുന്ന 32 കുട്ടിപ്പാട്ടുകൾ.
ഇവ കേട്ടാൽ ഏതു കുസൃതിക്കുട്ടിയും
കൂടെപ്പാടും. നൃത്തം വയ്ക്കും.
മലയാളത്തിലെ പ്രമുഖ
പിന്നണിഗായകർക്കൊപ്പം നിങ്ങളും
പാടൂ. ചുവടുവയ്ക്കൂ...

പുസ്തകത്തിന് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.